بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

2026 ജൂൺ 11 • ഹി.ശം 1405 ഇഹ്സാൻ 11 • ഹി. ഖ. 1447 ദുൽഹജ്ജഃ 24

വാല്യം 11    ലക്കം 24

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ: എച്ച്.ശംസുദ്ദീൻ    സഹപത്രാധിപർ: മുഹമ്മദ് ഇസ്മായീൽ



വിശുദ്ധ ഖുർആനിൽ നിന്ന്:

## നീതിയും നന്മയും ഇസ്‌ലാമിക സമൂഹത്തിന്റെ അടിത്തറ

اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَالْاِحْسَانِ وَاِيْتَآئِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَآءِ وَالْمُنْكَرِ

وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ ﴿۹۱﴾    (سورة النحل:91)

നീതിപുലർത്തുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിനും അടുത്ത ബന്ധുക്കളെപ്പോലെ (അന്യർക്കും) സഹായം നൽകുന്നതിനും അല്ലാഹു കല്പിക്കുന്നു. നീചപ്രവൃത്തിയെയും നിഷിദ്ധകർമത്തെയും നിയമലംഘനത്തെയും അവൻ വിലക്കുകയും ചെയ്യുന്നു. നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നതിനുവേണ്ടി അവൻ നിങ്ങളെ ഉപദേശിക്കുന്നു.




ഹദീസ്:

## നീതിന്യായം : ഇസ്‌ലാമിക അദ്ധ്യാപനം

ഹദ്റത്ത് ആഇശ(റ)യിൽ നിന്ന് നിവേദനം: മഖ്സൂം ഗോത്രത്തിലെ ഒരു സ്ത്രീ മോഷ്ടിക്കുകയുണ്ടായി. ഈ സംഭവത്തിൽ ഖുറൈശികൾ വളരെ അസ്വസ്ഥരായിരുന്നു. അതേപ്പറ്റി തിരുനബി(സ)യോട് ആരാണ് സംസാരിക്കുക എന്ന് അവർ ചിന്തിച്ചു. അവസാനം, തിരുനബി(സ)യ്ക്ക് ഏറ്റവും പ്രിയപ്പെട്ട ഉസാമ ബിൻ സൈദി(റ)നെക്കാൾ വലിയൊരു ശുപാർശകനില്ലെന്ന് അവർ തീരുമാനിച്ചു. അങ്ങനെ അവർ ഉസാമയെ ഇതിന് പ്രേരിപ്പിച്ചു. ഹദ്റത്ത് ഉസാമ(റ) തിരുനബി(സ)യുടെ സന്നിധിയിൽ ഈ വിഷയം അവതരിപ്പിച്ചപ്പോൾ, അവിടുന്ന് വളരെ കോപിഷ്ഠനാവുകയും ഇപ്രകാരം ചോദിക്കുകയും ചെയ്തു: 'അല്ലാഹുവിന്റെ അതിരുകളെക്കുറിച്ച് ആണോ നീ ശുപാർശ ചെയ്യുന്നത്?'

തുടർന്ന് തിരുനബി(സ) എഴുന്നേറ്റ് നിന്ന് ഇപ്രകാരം പ്രസംഗിച്ചു: 'നിങ്ങൾക്ക് മുൻപ് കഴിഞ്ഞുപോയ ജനങ്ങൾ നശിച്ചുപോയത് അവർക്കിടയിലെ ഉയർന്ന സ്ഥാനമുള്ളവരോ സ്വാധീനമുള്ളവരോ മോഷ്ടിച്ചാൽ അവരെ വിവിധ തന്ത്രങ്ങളിലൂടെയും ഒഴികഴിവുകളിലൂടെയും ഒഴിവാക്കുകയും, എന്നാൽ ഒരു പാവപ്പെട്ടവൻ മോഷ്ടിച്ചാൽ അവന് പൂർണ്ണമായ ശിക്ഷ നൽകുകയും ചെയ്തതിനാലാണ്. അല്ലാഹുവാണെ സത്യം! മുഹമ്മദ്(സ)യുടെ മകൾ ഫാത്തിമയാണ് മോഷ്ടിക്കുന്നതെങ്കിൽ, അവളുടെയും കൈ ഞാൻ മുറിക്കുക തന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഞാൻ കാണിക്കില്ല.'

*(മുസ്‌ലിം, കിതാബുൽ ഹുദൂദ്, ബാബു ഖത്ഇസ്സാരിഖിശ്ശരീഫി വ ഗൈരിഹി)*




ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠങ്ങൾ:

## നീതിയുടെയും നന്മയുടെയും പ്രാധാന്യം

'അല്ലാഹു കൽപ്പിക്കുന്നു: നിങ്ങൾ നീതിയും ഉപകാരവും ബന്ധുക്കൾക്കുള്ള അവകാശവും അതത് തലങ്ങളിൽ നിർവഹിക്കുക. ലോകവ്യവസ്ഥയെ ബന്ധിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്ന ആ പൂർണ്ണതയുടെ നിലവാരത്തിൽ നിന്ന് ഇഞ്ചീലിലെ ഉപദേശങ്ങൾ താഴെയാണ് അറിയുക. പ്രസ്തുത ഉപദേശങ്ങൾ പൂർണമാണെന്ന് കരുതുന്നത് വലിയൊരു അബദ്ധമാണ്; അത്തരം ഉപദേശങ്ങൾ ഒരിക്കലും തികവുറ്റതല്ല.' *(ബറാഹീനെ അഹ്മദിയ്യാ, ഭാഗം നാല്, റൂഹാനി ഖസാഇൻ വാല്യം 1, പേജ് 426, 427, അനുബന്ധത്തിന്റെ അടിക്കുറിപ്പ് നമ്പർ 3)*

'നിങ്ങൾക്കുള്ള അല്ലാഹുവിന്റെ കൽപ്പന എന്തെന്നാൽ: അവനോടും അവന്റെ സൃഷ്ടികളോടും നീതിപൂർവ്വം പെരുമാറുക, അതായത് അല്ലാഹുവിനോടുള്ള കടമകളും (ഹഖുല്ലാഹ്) സൃഷ്ടികളുടെ അവകാശങ്ങളും (ഹഖുൽ ഇബാദ്) നിറവേറ്റുക. അതിലും ഉപരിയായി ചെയ്യാൻ കഴിയുമെങ്കിൽ, വെറും നീതി മാത്രമല്ല ഉപകാരവും ചെയ്യുക. അതായത്, നിർബന്ധിത കടമകൾക്ക് അപ്പുറം, നീ അല്ലാഹുവിനെ കാണുന്നു എന്നതുപോലെ അത്യന്തം ആത്മാർത്ഥതയോടെ അവനെ ആരാധിക്കുക, ആളുകളോട് അവരുടെ അവകാശങ്ങൾക്കപ്പുറം ദയയോടും മര്യാദയോടും പെരുമാറുക. അതിലും ഉപരിയായി ചെയ്യാൻ കഴിയുമെങ്കിൽ, ബന്ധുവിനോടുള്ള സ്നേഹം നിമിത്തം ഒരാൾ ചെയ്യുന്നതുപോലെ, യാതൊരു ലക്ഷ്യവും പ്രതിഫലവും ആഗ്രഹിക്കാതെ അല്ലാഹുവിനെ ആരാധിക്കുകയും അല്ലാഹുവിന്റെ സൃഷ്ടികളെ സേവിക്കുകയും ചെയ്യുക.' *(ശഹ്നയെ ഹഖ്, റൂഹാനി ഖസാഇൻ വാല്യം 2, പേജ് 361, 362)*

തഫ്സീർ കബീറിൽ നിന്ന്:
ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)



## നീതി, ഉപകാരം, ബന്ധുക്കളോടുള്ള കടമകൾ

ഈ ആയത്തിൽ മൂന്ന് കാര്യങ്ങൾ ചെയ്യുവാനും മൂന്ന് കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും കൽപ്പിച്ചിരിക്കുന്നു. തിന്മകളിൽ നിന്ന് വിലക്കുന്നത് അല്ലാഹുവിന്റെ കാരുണ്യത്തെയും, നന്മകൾ ചെയ്യാൻ കൽപ്പിക്കുന്നത് അല്ലാഹുവിന്റെ മാർഗദർശനത്തെയുമാണ് സൂചിപ്പിക്കുന്നത്.

വിശുദ്ധ ഖുർആൻ എത്രത്തോളം സമഗ്രമാണെന്നതിന് ഈ ആയത്ത് മികച്ചൊരു ഉദാഹരണമാണ്. സന്മാർഗ്ഗികമായ എല്ലാ തലങ്ങളെയും ഇതിൽ ക്രോഡീകരിച്ചിരിക്കുന്നു. ഇതിൽ ധാർമിക കാര്യങ്ങളുടെ എല്ലാ ശ്രേണികളേയും സ്വരുക്കൂട്ടിയിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ ആയത്ത് സമഗ്രവും تِبْيَانًا لِّكُلِّ شَيْءٍ (എല്ലാ കാര്യങ്ങളും വ്യക്തമായി വിശദമാക്കുന്നു) എന്നതിന്റെ മികച്ച ഉദാഹരണവുമാണ്.

لَعَلَّكُمْ تَذَكَّرُوْنَ (നിങ്ങൾ ഉപദേശം സ്വീകരിക്കാൻ വേണ്ടി) എന്ന പ്രസ്താവനയോടെയാണ് ഈ ആയത്ത് അവസാനിക്കുന്നത്. 'തദക്കറ' എന്നതിന് 'ദക്കറ' എന്നതിന്റെ അർത്ഥം തന്നെയാണ്, അതായത് ഓർക്കുകയോ അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിക്കുകയോ ചെയ്യുക എന്ന് സാരം.

لَعَلَّكُمْ تَذَكَّرُوْنَ എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെയും സൃഷ്ടികളുടെയും അവകാശങ്ങൾ നിങ്ങൾ ഓർമ്മിക്കുക, അല്ലെങ്കിൽ അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുക എന്നാകുന്നു. മനുഷ്യനെ സൃഷ്ടിച്ചതിന്റെ ലക്ഷ്യം ഈ രണ്ട് കാര്യങ്ങൾ നിറവേറ്റുക എന്നത് മാത്രമായതുകൊണ്ട്, ഈ ഉപദേശങ്ങൾ പിന്തുടർന്ന് നിന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം നിനക്ക് കൈവരിക്കാൻ കഴിയുമെന്ന സന്തോഷവാർത്തയും ഈ ആയത്തിൽ അടങ്ങിയിരിക്കുന്നു.

വളരെ ചെറിയൊരു ആയത്താണെങ്കിൽ പോലും വിശുദ്ധ ഖുർആനിന്റെ ശ്രേഷ്ഠതയെക്കുറിച്ച് അവകാശപ്പെടുന്ന എല്ലാ കാര്യങ്ങളിലേക്കും ഇതിൽ വെളിച്ചം വീശുന്നു. ഇത്രയും ചുരുങ്ങിയ വാക്കുകളിൽ ഇത്രയധികം വിശദാംശങ്ങൾ വിശുദ്ധ ഖുർആനിലല്ലാതെ മറ്റൊരു ഗ്രന്ഥത്തിലും കാണാൻ കഴിയില്ല. ഇതിൽ യാതൊരു അവ്യക്തതയോ പ്രഹേളികയോ ഇല്ല; ആശയം വ്യക്തമാണ്, വിവേകമുള്ള ഏതൊരാൾക്കും അല്പം ചിന്തിച്ചാൽ തന്നെ ഇതിന്റെ സത്യം മനസ്സിലാക്കാം.

ഇനി ഞാൻ ഈ ആയത്തിലെ ആശയം കുറച്ചുകൂടി വിശദീകരിക്കാം. ലോകത്ത് എല്ലാ കാര്യത്തിനും ഒരു പോസിറ്റീവ് വശവും (ഇസ്ബാത്ത്) ഒരു നെഗറ്റീവ് വശവും (നഫി) ഉണ്ടെന്ന് ഓർമ്മിക്കണം. ഒരു കാര്യം പൂർണ്ണമാകണമെങ്കിൽ ഈ രണ്ട് വശങ്ങളും ക്ലിപ്തമായിരിക്കണം. അതായത്, പൂർണ്ണതയ്ക്ക് ആവശ്യമായ കാര്യങ്ങൾ അതിൽ ഉണ്ടായിരിക്കണം, അതിന്റെ സത്തയിൽ ന്യൂനത ഉണ്ടാക്കുന്ന കാര്യങ്ങളിൽ നിന്ന് അതീതവുമായിരിക്കണം.

ശേഷം പേജ് 10 ൽ

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# നീതിയും സമാധാനവും ഭാവി തലമുറയുടെ സംരക്ഷണവും

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച 19-ാമത് പീസ് സിമ്പോസിയത്തിൽ (2026 മെയ് 16) ഖലീഫത്തുൽ മസീഹ് അൽഖാമിസ് സയ്യിദുനാ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹു തആല ബിനസ്രിഹിൽ അസീസ്) ചെയ്ത മുഖ്യപ്രഭാഷണത്തിന്റെ സംഗ്രഹം**

ബഹുമാനപ്പെട്ട അതിഥികളെ, അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാതുഹു.

ഈ പരിപാടിയിൽ ഞങ്ങളോടൊപ്പം പങ്കുചേരുന്ന നിങ്ങളെല്ലാവർക്കും ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി അഹ്മദിയ്യാ ജമാഅത്ത്, പീസ് സിമ്പോസിയം സംഘടിപ്പിച്ചു വരുന്നുണ്ട്. എന്നാൽ ലോകത്ത് വഷളായിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, ഈ പരിശ്രമങ്ങളെല്ലാം കൊണ്ട് പ്രായോഗികമായി എന്തുനേട്ടമാണുണ്ടായതെന്ന് ആളുകൾ ചോദിക്കുന്നു. ഈ ചോദ്യം ചോദിക്കുന്നത് സ്വാഭാവികമാണ്, എങ്കിലും തളർച്ചയോ മടുപ്പോ കൂടാതെ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കണമെന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്. അതിനാൽ, ലോകത്ത് ക്രിയാത്മകമായ മാറ്റം കൊണ്ടുവരുന്നതിനും മാനവികതയുടെ നിലനിൽപ്പിനും വേണ്ടി നടത്തുന്ന പരിശ്രമങ്ങളേക്കാൾ മികച്ചതായി മറ്റെന്തുണ്ട്?

യുദ്ധം, അക്രമം, അരാജകത്വം, വെറുപ്പ്, അനീതി എന്നിവയ്ക്കെതിരെ നമ്മൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, നമ്മുടെ നാഗരികതയും സംസ്കാരവും നമ്മുടെ കൺമുന്നിൽ തന്നെ ക്രമേണ നശിക്കുന്നത് നാം കാണേണ്ടിവരും. ആ നാശത്തിന്റെ പ്രത്യാഘാതങ്ങൾ എത്രമാത്രം ഭയാനകമായിരിക്കും എന്നുവെച്ചാൽ, വരുംതലമുറകൾക്ക് പോലും അത് അനുഭവിക്കേണ്ടിവരും. രണ്ടാം ലോകമഹായുദ്ധത്തിന്റെ നാശനഷ്ടങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അങ്ങേയറ്റം ഹൃദയഭേദകമാണ്. എന്നാൽ അന്ന് അമേരിക്കയ്ക്ക് മാത്രമാണ് ആണവായുധങ്ങൾ ഉണ്ടായിരുന്നത് എന്ന കാര്യം ഓർക്കണം. എന്നാൽ ഇന്ന് ആണവശക്തിയുള്ള ധാരാളം രാജ്യങ്ങളുണ്ട്. കൂടാതെ, ഇന്നത്തെ ആണവായുധങ്ങൾ അന്ന് ഉണ്ടായിരുന്നവയേക്കാൾ എത്രയോ മടങ്ങ് അപകടകരവും വിനാശകരവുമാണ്.

നാം അഭിമുഖീകരിക്കുന്ന നാശം എത്രത്തോളം അപകടകരവും ഭയാനകവുമാണെന്ന് മനസ്സിലാക്കാൻ ചില ഗവേഷകരുടെയും നിരീക്ഷകരുടെയും വിശകലനങ്ങൾ ഞാൻ നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാം. ഈ വിനാശകരമായ ആയുധങ്ങളുടെ ഉപയോഗം യഥാർത്ഥത്തിൽ നമ്മുടെ സ്വന്തം കുട്ടികളോടും വരുംതലമുറകളോടും നടത്തുന്ന യുദ്ധത്തിന് തുല്യമാണ്.

നാം ഇപ്പോൾ എത്തിപ്പെട്ടിരിക്കുന്നത് യുദ്ധഭീഷണികൾ നിറഞ്ഞ ഒരു കാലഘട്ടത്തിലാണെന്ന് അയർലൻഡ് പ്രസിഡന്റ് മൈക്കൽ ഹിഗ്ഗിൻസ് മുന്നറിയിപ്പ് നൽകിയിരുന്നു. നയതന്ത്ര പരിശ്രമങ്ങൾക്കും പരസ്പര ധാരണകൾക്കും പകരം അരാജകത്വത്തിനും സംഘർഷങ്ങൾക്കും രക്തച്ചൊരിച്ചിലിനും പ്രോത്സാഹനം ലഭിക്കുന്ന ഒരു കാലമാണിത്.

ഇന്ന് ഓരോരുത്തരും തങ്ങളുടെ സംഭാഷണങ്ങളിൽ ഭയമില്ലാതെ ആയുധങ്ങളെക്കുറിച്ചും വിനാശകരമായ യുദ്ധങ്ങളെക്കുറിച്ചും സംസാരിക്കുന്നതായി കാണപ്പെടുന്നുവെന്നും, ഇത് അരാജകത്വവും അസ്വസ്ഥതയും വർദ്ധിപ്പിക്കുന്നുവെന്നും സ്ലൊവാക്യൻ പ്രധാനമന്ത്രി തുറന്നു പറഞ്ഞിട്ടുണ്ട്.

ഇസ്‌ലാമിന്റെ അടിസ്ഥാന അധ്യാപനം തനിക്ക് ഇഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുക എന്നതാണ്. ഇതൊരു സുവർണ്ണ തത്വമാണ്; ലോകം ഈ തത്വത്തിൽ ഉറച്ചുനിൽക്കുകയാണെങ്കിൽ, യഥാർത്ഥത്തിൽ ലോകം സമാധാനഗേഹമായി മാറും.

ജർമ്മൻ ചാൻസലറും ഇറാൻ യുദ്ധത്തിനെതിരെ പ്രസ്താവന നടത്തിയിട്ടുണ്ട്, യുദ്ധത്തെ എതിർക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നത് പോലെ ജർമ്മൻ ചാൻസലറെയും ഞാൻ അഭിനന്ദിക്കുന്നു; എന്നാൽ പ്രസ്താവനകളേക്കാൾ ഉപരിയായി പ്രായോഗിക നടപടികളാണ് ആവശ്യം. നയപരമായ കാര്യങ്ങളിൽ പ്രായോഗിക നടപടികൾ പരിശോധിച്ചാൽ അവ വളരെ കുറവാണെന്ന് കാണാം.

തുർക്കിയിൽ വെച്ച് പോപ്പ് ലിയോ. മൂന്നാം ലോകമഹായുദ്ധത്തിന്റെ തുടക്കത്തെക്കുറിച്ച് സംസാരിക്കുകയും, മൂന്നാം ലോകമഹായുദ്ധം ഇപ്പോൾ സാവധാനം നടന്നുകൊണ്ടിരിക്കുകയാണെന്ന് പറയുകയുമുണ്ടായി.




ഞാൻ പറയുന്നു, മൂന്നാം ലോകമഹായുദ്ധം നടന്നുകൊണ്ടിരിക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം, എന്നാൽ യുദ്ധത്തിന്റെ ഭീകരതയിൽ നിന്ന് രക്ഷപ്പെടാൻ ആളുകൾ അത് നിഷേധിക്കാൻ ശ്രമിക്കുന്നു.

സ്പെയിൻ പ്രധാനമന്ത്രി, ഒരു നിയമവിരുദ്ധ പ്രവൃത്തിയെ തടയാൻ മറ്റൊരു നിയമവിരുദ്ധമായ പ്രവൃത്തിയിലൂടെ കഴിയില്ലെന്ന് ഓർമ്മപ്പെടുത്തുന്നു. ചെറിയ യുദ്ധങ്ങളും ഏറ്റുമുട്ടലുകളും വലിയ വിനാശകരമായ യുദ്ധങ്ങളിലേക്ക് നയിക്കാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ വളരെ ശ്രദ്ധയും വിവേകവും ആവശ്യമാണ്. ഒരു ഭാഗത്തുനിന്ന് അനീതിയുണ്ടായാൽ, മറുഭാഗവും അനീതിയുടെ പാത സ്വീകരിക്കരുത്. ഇന്ന് വൻശക്തികൾ നീതിയെയും അന്താരാഷ്ട്ര നിയമങ്ങളെയും അവഗണിക്കുകയാണ്. അവർക്ക് സ്വന്തം താൽപ്പര്യങ്ങളാണ് വലുത്.

ജനങ്ങളുടെ ക്ഷേമത്തിനായി നടപടികളെടുക്കുക എന്നതാണ് ഗവൺമെന്റുകളുടെ കടമ. ജനങ്ങളുടെ ജീവിതം എളുപ്പമാക്കുന്ന തീരുമാനങ്ങൾ അവർ എടുക്കണം, എന്നാൽ ഇന്നത്തെ ഭരണാധികാരികൾ ജനങ്ങളുടെ ജീവിതം ദുസ്സഹമാക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതായി കാണപ്പെടുന്നു. ഈ ഭരണാധികാരികൾ യുദ്ധങ്ങളെ മറയാക്കി തങ്ങളുടെ പരാജയങ്ങൾ മറച്ചുവെക്കാൻ ശ്രമിക്കുകയും അതുവഴി ലോകത്തെ അനന്തമായ നാശത്തിലേക്ക് തള്ളിയിടുകയുമാണ് ചെയ്യുന്നത്.

ഒരു പ്രശസ്ത അമേരിക്കൻ ചിന്തകൻ അടുത്തിടെ പറഞ്ഞത്, പൊതുവെ പാശ്ചാത്യ രാജ്യങ്ങൾ പ്രത്യേകിച്ചും അമേരിക്ക എല്ലാ പ്രശ്നങ്ങൾക്കും സൈനിക ശക്തിയെ പരിഹാരമായി കാണുന്നു എന്നാണ്. നയതന്ത്രബന്ധങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പകരം യുദ്ധത്തെയാണ് പ്രശ്നങ്ങൾക്കുള്ള പരിഹാരമായി കണക്കാക്കുന്നത്. ഇറാൻ യുദ്ധത്തെ സംബന്ധിച്ചിടത്തോളം, അത് അങ്ങേയറ്റം വേദനാജനകമായ സാഹചര്യങ്ങൾക്കാണ് വഴിവെക്കുന്നത്. അനീതിയും ഇരട്ടത്താപ്പും എല്ലാവർക്കും ഒരുപോലെ നാശമുണ്ടാക്കും.

അക്രമിയെ തടഞ്ഞുകൊണ്ടും അക്രമത്തിന് ഇരയായവനെ പ്രതിരോധിച്ചുകൊണ്ടും ഇരുവരെയും സഹായിക്കണമെന്ന് ഇസ്‌ലാം പറയുന്നു. പ്രതികാരത്തിന്റെ അഗ്നി അണയ്ക്കാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. പ്രതികാരം അനുവദനീയമാണെങ്കിൽ തന്നെ അത് ചെയ്ത അനീതിക്ക് തുല്യമായ അളവിൽ മാത്രമേ ആകാവൂ.

ലോകത്ത് നിലവിലുള്ള നീതിന്യായ സ്ഥാപനങ്ങൾ ഇപ്പോൾ പരാജയപ്പെട്ടിരിക്കുന്നു. ലീഗ് ഓഫ് നേഷൻസ് എങ്ങനെയാണോ പരാജയപ്പെട്ടത്, അതുപോലെ ഐക്യരാഷ്ട്രസഭയും (യുഎൻ) ഒരു പരാജയപ്പെട്ട സ്ഥാപനമായി മാറുന്നു. അഞ്ച് രാജ്യങ്ങൾക്ക് മാത്രം വീറ്റോ അധികാരം നൽകിയിരിക്കുന്നത് നീതിയുടെ കൊലപാതകമാണ്.

ശക്തിയുള്ളവർക്ക് ഒരു നിയമവും ദുർബലർക്ക് മറ്റൊരു നിയമവുമാണ് ഇന്നുള്ളതെന്ന് കാനഡ പ്രധാനമന്ത്രി പറഞ്ഞിട്ടുണ്ട്. മനുഷ്യാവകാശ ഉടമ്പടി ഇപ്പോൾ വെറും വാക്കുകളിൽ ഒതുങ്ങിനിൽക്കുന്നു. അതിന് യാതൊരു വിലയും കൽപ്പിക്കുന്നില്ല.

പാശ്ചാത്യ രാജ്യങ്ങൾ ചെറിയ രാജ്യങ്ങൾക്കെതിരെ ചൂഷണപരമായ നടപടികൾ സ്വീകരിക്കുന്നു. അതിനായി സ്ത്രീകൾക്ക് അവകാശങ്ങൾ നൽകണമെന്ന പുതിയൊരു ന്യായീകരണം അവർ കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ അവരുടെ യുദ്ധങ്ങൾ കാരണം ആയിരക്കണക്കിന് സ്ത്രീകൾ സഹായമില്ലാതെ, തുറസ്സായ ആകാശത്തിന് താഴെ, ഒന്നിനും വകയില്ലാതെ കഴിയുന്നു.

യൂറോപ്യൻ പാർലമെന്റിലെ ഒരു സ്പാനിഷ് അംഗം പറയുന്നു; സിറിയ, ഇറാഖ്, ലബനൻ, ഇപ്പോൾ ഇറാൻ എന്നീ രാജ്യങ്ങളിൽ നടന്ന നടപടികളുടെ ഫലം ഇപ്പോൾ നമ്മുടെ മുന്നിലുണ്ടെന്നും, തങ്ങളുടെ ക്രൂരമായ യുദ്ധങ്ങൾക്ക് ന്യായീകരണം കണ്ടെത്താൻ ശക്തരും അക്രമകാരികളുമായ രാജ്യങ്ങൾ ഇത്തരം ഒഴികഴിവുകൾ കണ്ടെത്തുന്നുണ്ടെന്നും നമുക്കറിയാം.

ശേഷം പേജ് 8 ൽ

# ഖുത്വ്ബ ജുമുഅ

2026 ഏപ്രിൽ 24, 1405 ശഹാദത്ത് 24
മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ

# തിരുനബി(സ)യുടെ സത്യസന്ധതയും വിശ്വസ്തതയും: ഹൃദയസ്പർശിയായ വിവരണം

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തിരുനബി(സ)യുടെ സത്യസന്ധതയുടെ ഉയർന്ന നിലവാരത്തെക്കുറിച്ചും, അവിടുത്തെ ഉത്തമ മാതൃകയെക്കുറിച്ചും, വിശ്വാസികൾക്ക് നൽകിയ ഉപദേശങ്ങളെക്കുറിച്ചും കഴിഞ്ഞ ഖുതുബയിൽ പരാമർശിച്ചിരുന്നു. ഇതു സംബന്ധമായി മറ്റു ചില കാര്യങ്ങൾ ഇന്ന് ഞാൻ വിവരിക്കുന്നതാണ്.

തിരുനബി(സ) നമ്മെ സത്യസന്ധതയുടെ ഏതെല്ലാം ഉന്നതങ്ങളിലേക്കാണ് എത്തിക്കാൻ ആഗ്രഹിക്കുന്നത്? ഇക്കാര്യത്തിൽ ഒരു ഹദീസിൽ ഇങ്ങനെ വരുന്നുണ്ട്: ഹഫ്സ് ബിൻ ആസിം നിവേദനം ചെയ്യുന്നു; 'തിരുനബി(സ) പറയുന്നു: താൻ കേൾക്കുന്ന കാര്യങ്ങളെല്ലാം മറ്റുള്ളവരോട് പറയുക എന്നത് ഒരാൾ കളവ് പറയുന്നവനാണെന്നതിന് മതിയായ തെളിവാകുന്നു.' *(സ്വഹീഹ് മുസ്‌ലിം, മുഖദ്ദിമ, ബാബുന്നഹി അനിൽ ഹദീസി ബിക്കുല്ലി മാ സമിഅ, ഹദീസ്: 05)*

നോക്കൂ! ഇത് സാധാരണയായി ആളുകളിൽ കണ്ടുവരുന്ന ഒരു ശീലമാണ്. ജമാഅത്തിലും ചില ആളുകളിൽ ഈ തിന്മ വളരെ കൂടുതലായി കാണുന്നുണ്ട്. ചിലർ എനിക്ക് മറ്റൊരാളെക്കുറിച്ച് എഴുതാറുണ്ട്, ഇന്നയാൾ ഇന്നത് ചെയ്തു എന്നൊക്കെ. എന്നാൽ പരിശോധിക്കുമ്പോൾ ആ കാര്യം തെറ്റാണെന്ന് ബോധ്യപ്പെടുന്നു. എഴുതിയ ആളോട്, 'ഇതാര് പറഞ്ഞു? ഇത് വാസ്തവ വിരുദ്ധമല്ലേ?' എന്ന് ചോദിക്കുമ്പോൾ അവർ പറയുന്നത്, 'ഞങ്ങൾ കേട്ടു' എന്നാണ്. കേട്ടു കേൾവിയുടെ പുറത്ത് അവർ ലോകത്തുടനീളം ബഹളം വെക്കുന്നു. എന്നാൽ തിരുനബി(സ) അത്തരം ആളുകളെ കളവ് പറയുന്നവരായിട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നതെന്ന് ഇവർ മനസ്സിലാക്കേണ്ടതാണ്.

മറ്റൊരു നിവേദനത്തിൽ വരുന്നു; ഹദ്റത്ത് ആയിഷ(റ) പറയുന്നു: തിരുനബി(സ)യുടെ സ്വഹാബികൾക്ക് കളവിനേക്കാൾ വെറുപ്പുള്ളതായി മറ്റൊന്നുമില്ലായിരുന്നു. ഒരാൾ തിരുനബി(സ)യുടെ മുന്നിൽ കളവ് പറഞ്ഞാൽ, ആ കാര്യം തിരുനബി(സ)യുടെ മനസ്സിൽ തങ്ങിനിൽക്കുമായിരുന്നു. അയാൾ കളവ് പറഞ്ഞതാണെന്ന് തിരുനബി(സ)ക്ക് അറിയാമായിരുന്നു. തിരുനബി(സ)ക്ക് അത് വല്ലാതെ വേദനയുണ്ടാക്കുകയും അസ്വസ്ഥപ്പെടുത്തുകയും ചെയ്യുമായിരുന്നു. അയാൾ ആ കളവിൽ നിന്ന് തൗബ ചെയ്യുകയും, സ്വഭാവം നന്നാക്കുകയും, കളവ് പറയുന്നതിൽ നിന്ന് പൂർണ്ണമായി വിട്ടുനിൽക്കുകയും ചെയ്തു എന്ന് തിരുനബി(സ)ക്ക് ബോധ്യപ്പെടുന്നത് വരെ ആ വിഷമം തിരുനബി(സ)യുടെ മനസ്സിൽ ഉണ്ടാകുമായിരുന്നു. *(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാല്യം 8, പേജ് 280, ഹദീസ്: 25698)*

മറ്റൊരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് അസ്മാഅ്(റ)യിൽ നിന്ന് നിവേദനം: ഒരു സ്ത്രീ തിരുനബി(സ)യുടെ അടുക്കൽ വന്ന് ചോദിച്ചു: എന്റെ ഭർത്താവിനു മറ്റൊരു ഭാര്യയുണ്ട്. എന്റെ ഭർത്താവ് എനിക്ക് നൽകാത്ത കാര്യങ്ങൾ തന്നുവെന്ന് പറഞ്ഞ്, അത് ലഭിച്ചതായി കാണിച്ച് ഞാൻ അവളോട് അഹംഭാവം കാണിക്കുന്നത് കുറ്റമാണോ? അവളെ ചൊടിപ്പിക്കാനും അസ്വസ്ഥപ്പെടുത്താനും വേണ്ടി മാത്രമാണ് ഞാൻ അങ്ങനെ പറയുന്നത്. അപ്പോൾ തിരുനബി(സ) പറഞ്ഞു: 'തനിക്ക് നൽകാത്ത ഒരു കാര്യം തനിക്ക് ലഭിച്ചുവെന്ന് കാണിച്ച് അഹംഭാവം നടിക്കുന്നവൻ, കളവിന്റെ രണ്ട് വസ്ത്രം ധരിച്ചവനെപ്പോലെയാണ്.' കാരണം, അവളെ വൈകാരികമായി വേദനിപ്പിക്കാനും അസ്വസ്ഥപ്പെടുത്താനും വേണ്ടിയാണ് ആ സ്ത്രീ അങ്ങനെ പറഞ്ഞത്. ചുരുക്കത്തിൽ, അത് തികച്ചും തെറ്റായ കാര്യമാണെന്ന് തിരുനബി(സ) പറഞ്ഞു. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ലിബാസ് വസ്സീന, ബാബുന്നഹി അനിത്തസ്വീർ, വാല്യം 11, പേജ് 233, ഹദീസ്: 3959)*

ഇതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: വസ്ത്രം എന്ന വാക്ക് ഇവിടെ ഒരു ഉദാഹരണമായി ഉപയോഗിച്ചിട്ടുള്ളതാണ്. അതിന്റെ അർത്ഥം, ആ വ്യക്തി കളവിനെയും വഞ്ചനയെയും കൂട്ടുപിടിക്കുന്നവനാണ് എന്നാണ്. അവൻ കളവിന്റെ രണ്ട് വസ്ത്രങ്ങൾ ധരിച്ചിരിക്കുന്നു. ഒന്ന് മുകളിൽ ധരിച്ചിരിക്കുന്നു, മറ്റൊന്ന് താഴെ കെട്ടിയിരിക്കുന്നു. അതായത്, ആപാദചൂഢം അവൻ കളവ് പറയുന്നവനാണ്. *(ഉംദത്തുൽ ഖാരി, വാല്യം 20, പേജ് 289 290; ഫത്ഹുൽ ബാരി, വാല്യം 9, പേജ് 228,229)*

ഇങ്ങനെ വളരെ സൂക്ഷ്മതയോടെ, കളവിൽ നിന്ന് വിട്ടുനിൽക്കാൻ തിരുനബി(സ) തന്റെ അനുയായികളെ ഉപദേശിച്ചു.

മറ്റൊരു ഹദീസിൽ പറയുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ)യിൽ നിന്ന് നിവേദനം, തിരുനബി(സ) പറഞ്ഞു: 'നാല് സ്വഭാവങ്ങളുള്ളവൻ പൂർണ്ണമായ കപടവിശ്വാസിയാണ് (മുനാഫിഖ്). ആരെങ്കിലും ഈ സ്വഭാവങ്ങളിൽ ഒന്നുമാത്രമെങ്കിലും ഉള്ളവൻ, അത് ഉപേക്ഷിക്കുന്നത് വരെ അവനിൽ കപടവിശ്വാസത്തിന്റെ ഒരു അംശം ഉണ്ടായിരിക്കും: എന്തെങ്കിലും സൂക്ഷിക്കാൻ ഏൽപ്പിച്ചാൽ അവൻ വഞ്ചന കാണിക്കുന്നു, സംസാരിക്കുമ്പോൾ കളവ് പറയുന്നു, കരാർ ചെയ്താൽ അത് ലംഘിക്കുന്നു, വഴക്കുണ്ടാക്കുമ്പോൾ ചീത്ത വിളിക്കുന്നു.' *(സ്വഹീഹ് ബുഖാരി, കിതാബുൽ ഈമാൻ, ബാബു അലാമതിൽ മുനാഫിഖ്, വാല്യം 1, പേജ് 8081, ഹദീസ്: 34)*

ഈ കാര്യങ്ങളെല്ലാം നേരിട്ടോ അല്ലാതെയോ കളവിലേക്ക് നയിക്കുന്നവയാണ്, അല്ലെങ്കിൽ ഇവയിൽ നിന്ന് കളവ് വെളിപ്പെടുന്നു. ചുരുക്കത്തിൽ, ഇത്തരം ധാർമ്മിക ദൗർബല്യങ്ങൾ കപടവിശ്വാസത്തിന്റെ അടയാളങ്ങളാണ്. ഇതിനെ മുൻനിർത്തി, നമ്മളിൽ എത്രത്തോളം ഇത്തരം ദൗർബല്യങ്ങളുണ്ടെന്ന് നമ്മൾ സ്വയം പരിശോധിക്കേണ്ടതുണ്ട്. കാരണം, ഇവ മനുഷ്യനെ കപടവിശ്വാസത്തിലേക്ക് നയിക്കുന്നവയാണ്; ഒരു കപടവിശ്വാസിയായി അറിയപ്പെടാൻ ആരും ഇഷ്ടപ്പെടുന്നില്ലല്ലോ.

തുടർന്ന്, തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവരെക്കുറിച്ച് തിരുനബി(സ) കടുത്ത മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

ഒരു നിവേദനത്തിൽ വരുന്നു; ഹദ്റത്ത് സമുറ ബിൻ ജുന്ദുബ്(റ) പറഞ്ഞു: തിരുനബി(സ) തന്റെ സ്വഹാബികളോട് 'നിങ്ങളിൽ ആരെങ്കിലും ഏതെങ്കിലും സ്വപ്നം കണ്ടിട്ടുണ്ടോ?' എന്ന് ഇടയ്ക്കിടെ ചോദിച്ചിരുന്നു. അപ്പോൾ അല്ലാഹു ഇച്ഛിച്ചവർ (അതായത് സ്വപ്നം കണ്ടവർ) അത് തിരുനബി(സ)യോട് വിവരിക്കുമായിരുന്നു.

ഒരു ദിവസം പ്രഭാതത്തിൽ തിരുനബി(സ) പറഞ്ഞു: 'കഴിഞ്ഞ രാത്രി ഞാൻ ഒരു ദർശനം കണ്ടു; രണ്ട് പേർ എന്റെ അടുക്കൽ വന്ന് എന്നെ എഴുന്നേൽപ്പിച്ചു. അവർ എന്നോട് പറഞ്ഞു, "വരൂ". ഞാൻ അവരോടൊപ്പം പോയി. അപ്പോൾ ഒരു വ്യക്തിയെ കണ്ടു, അയാൾ മലർന്നു കിടക്കുകയാണ്, മറ്റൊരു വ്യക്തി ഇരുമ്പിന്റെ ഒരു കൊളുത്തുമായി (ഒരു തരം പ്ലയർ പോലെ) അയാൾക്കരികിൽ നിൽക്കുന്നു. ആ കൊളുത്ത് ഉപയോഗിച്ച് അയാൾ കിടക്കുന്ന ആളുടെ വായയുടെ ഒരു വശത്ത് നിന്ന് കവിൾ വരെയും, മൂക്കിന്റെ ദ്വാരം മുതൽ കവിൾ വരെയും, കണ്ണ് മുതൽ കവിൾ വരെയും കീറുന്നു. അതായത് വായുടെ ഒരു വശം മുഴുവൻ കീറുന്നു. അതിനുശേഷം അയാൾ മറുഭാഗത്തേക്ക് വന്ന് അതും ഇതേപോലെ കീറുന്നു. ഒരു വശം കീറിത്തീരുന്നതിന് മുൻപേ മറ്റേ വശം (നേരത്തെ കീറിയത്) സുഖപ്പെട്ട് പഴയതുപോലെയാകുന്നു. പിന്നെ അയാൾ വീണ്ടും വന്ന് കീറുന്നത് തുടരുന്നു. തിരുനബി(സ) പറയുന്നു: 'ഞാൻ ചോദിച്ചു, 'സുബ്ഹാനല്ലാഹ്! ഇവർ ആരാണ്?' അപ്പോൾ ആ രണ്ട് പേരും എന്നോട് പറഞ്ഞു, 'കേട്ടാലും! ഈ കാര്യത്തിന്റെ യഥാർത്ഥ കാരണം ഞങ്ങൾ അങ്ങേക്ക് പറഞ്ഞുതരാം. അങ്ങ് സമീപിച്ച ആ മനുഷ്യൻ, അയാളുടെ വായുടെ വശം തലയുടെ പിന്നാമ്പുറം വരെ കീറപ്പെടുകയും, മൂക്കിന്റെ വശം പിന്നാമ്പുറം വരെ പിളർക്കപ്പെടുകയും, കണ്ണും പിന്നാമ്പുറം വരെ ചീന്തപ്പെടുകയും ചെയ്തുകൊണ്ടിരുന്ന ആ മനുഷ്യൻ രാവിലെ വീട്ടിൽ നിന്ന് ഇറങ്ങി, ഒരു കള്ളം മെനയുന്നു. അത് നാലുപാടും പരക്കുകയും ചെയ്യുന്നു.' *(സ്വഹീഹ് ബുഖാരി, കിതാബുത്തഅ്ബീർ, ബാബു തഅ്ബീരിർ റുഅ്യാ ബഅ്ദ സ്വലാത്തിസ്സുബ്ഹ്, വാല്യം 16, പേജ് 246252, ഹദീസ്: 7047)*

ഏതെങ്കിലും കാര്യങ്ങൾ പരത്തുന്നവരും ആളുകളെക്കുറിച്ച് തെറ്റായ കാര്യങ്ങൾ പറയുന്നവരും ഇക്കാര്യം ശ്രദ്ധിക്കുക. ചില ആളുകൾ തങ്ങളുടെ നാവുകൾക്ക് രസം കിട്ടാനോ അല്ലെങ്കിൽ ആസ്വദിക്കാനോ വേണ്ടി ചില കാര്യങ്ങൾ സംസാരിക്കുന്നു. ചിലപ്പോഴാവട്ടെ, ഒരാളെ സമൂഹത്തിൽ അപമാനിക്കാൻ വേണ്ടിയും ഇത്തരം കാര്യങ്ങൾ സംസാരിക്കാറുണ്ട്. ഏതൊരു സാഹചര്യത്തിലായാലും, മറ്റൊരാളെ ദ്രോഹിക്കാൻ വേണ്ടിയാണ് സംസാരിക്കുന്നതെങ്കിൽ അതിന് മറുപടി പറയേണ്ടി വരുമെന്ന് അത്തരം ആളുകൾ എപ്പോഴും ഓർത്തിരിക്കണം. അല്ലാഹു അതിനെതിരെ നടപടിയെടുക്കും, അതിന് ശിക്ഷ നൽകും. അതുകൊണ്ട് ഇത് വളരെ ഭയപ്പെടേണ്ട കാര്യമാണ്, ധാരാളമായി ഇസ്തിഗ്ഫാർ (പാപമോചനം) ചെയ്യേണ്ടതുമാണ്.

അബ്ദുല്ലാഹ് ബിൻ ഹാരിസിൽ നിന്നുള്ള നിവേദനം; അദ്ദേഹം ഹദ്റത്ത് ഹകീം ബിൻ ഹിസാം(റ)യിൽ നിന്ന് നിവേദനം ചെയ്യുന്നു: അദ്ദേഹം പറഞ്ഞു: തിരുനബി(സ) പറഞ്ഞു: 'വിൽക്കുന്നവനും വാങ്ങുന്നവനും പിരിഞ്ഞുപോകുന്നത് വരെ കച്ചവടം റദ്ദ് ചെയ്യാനുള്ള അവകാശമുണ്ട്. അവർ ഒത്തുചേർന്നിരിക്കുമ്പോൾ വരെ ഇത് സാധ്യമാണ്, പിരിഞ്ഞുപോയാൽ പിന്നെ അത് സാധ്യമല്ല. അവർ സത്യസന്ധത കാണിക്കുകയും കാര്യങ്ങൾ തുറന്നു പറയുകയും ചെയ്താൽ, അവരുടെ കൊടുക്കൽ വാങ്ങലിൽ അവർക്ക് അനുഗ്രഹം നൽകപ്പെടും. എന്നാൽ അവർ കാര്യങ്ങൾ മറച്ചുവെക്കുകയും കളവ് പറയുകയും ചെയ്താൽ അവരുടെ കച്ചവടത്തിലെ ബറകത്ത് മായ്ച്ചുകളയപ്പെടും.' *(സ്വഹീഹ് ബുഖാരി, കിതാബുൽ ബുയൂഅ്, ബാബു ഇദാ ബയ്യനൽ ബയ്യിആനി വലം യക്തുമാ വ നസഹാ, വാല്യം 4, പേജ് 3839, ഹദീസ്: 2079)*

പല വ്യാപാര തർക്കങ്ങളും കളവിൽ അധിഷ്ഠിതമായ കാര്യങ്ങൾ കൊണ്ടാണ് ഉണ്ടാകുന്നത്. അല്ലാഹു അത്തരം ആളുകളുടെ വാക്കുകളിലും കച്ചവടത്തിലും ബറകത്ത് നൽകുന്നില്ല. ഇഹലോകത്ത് അവർ അനുഭവിക്കേണ്ട നഷ്ടങ്ങൾ അവർ അനുഭവിക്കുന്നു, അല്ലാഹുവിന്റെ പക്കലും അവർ കുറ്റക്കാരായിത്തീരുകയും ശിക്ഷ ലഭിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് ഇബ്നു ഉമർ(റ)യിൽ നിന്ന് നിവേദനം; തിരുനബി(സ) പറഞ്ഞു: 'ഒരു ദാസൻ കളവ് പറയുമ്പോൾ, അവൻ ചെയ്ത ആ കളവിന്റെ ദുർഗന്ധം കാരണം മലക്ക് അവനിൽ നിന്ന് ഒരു മൈൽ അകന്നുപോകുന്നു.' *(ജാമിഉത്തിർമിദി, കിതാബുൽ ബിർരി വസ്സില:, ബാബു മാ ജാഅ ഫിസ്സിൽഖി വൽ കദിബ്, ഹദീസ്: 1972)*

മറ്റൊരു നിവേദനത്തിൽ പറയുന്നു; ഹദ്റത്ത് അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം, തിരുനബി(സ) ധാന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്ന ഒരു കൂനയ്ക്കരികിലൂടെ നടന്നുപോയി. അവിടുന്ന് തന്റെ കൈ അതിനുള്ളിലേക്ക് ഇട്ടു, അപ്പോൾ വിരലുകളിൽ നനവ് അനുഭവപ്പെട്ടു. തിരുനബി(സ) പറഞ്ഞു: അല്ലയോ കച്ചവടക്കാരാ! നീ വിൽക്കുന്ന ഈ ധാന്യത്തിന് എന്താണ് സംഭവിച്ചത്?' അയാൾ പറഞ്ഞു: 'യാ റസൂലുല്ലാഹ്(സ), ഇതിന് മേൽ മഴ പെയ്തിരുന്നു.' അപ്പോൾ തിരുനബി(സ) പറഞ്ഞു: 'അതിനെ മറച്ചുവെച്ച് ഉള്ളിലാക്കുന്നതിന് പകരം, ആളുകൾക്ക് അത് കാണാൻ കഴിയുന്ന രീതിയിൽ നീ എന്തുകൊണ്ട് അത് ധാന്യത്തിന്റെ മുകളിൽ വെച്ചില്ല? കാരണം മഴ പെയ്തതാണെങ്കിൽ അത് മുകളിൽ വെക്കണമായിരുന്നു.' തുടർന്ന് തിരുനബി(സ) പറഞ്ഞു: 'വഞ്ചന കാണിക്കുന്നവൻ നമ്മിൽപ്പെട്ടവനല്ല.' *(സ്വഹീഹ് മുസ്‌ലിം, കിതാബുൽ ഈമാൻ, ബാബു ഖൗലിന്നബി(സ): മൻ ഗശ്ശനാ ഫലൈസ മിന്നാ, വാല്യം 1, പേജ് 93, ഹദീസ്: 139)*

അതുകൊണ്ട് കച്ചവടക്കാർ ഇത്തരം സൂക്ഷ്മത പാലിക്കേണ്ടതുണ്ട്. തിരുനബി(സ) ഒരു മുസ്‌ലിമിൽ വളർത്തിയെടുക്കാൻ ആഗ്രഹിച്ച നിലവാരമാണിത്. എന്നാൽ നിർഭാഗ്യവശാൽ, വഞ്ചനാപരമായ കച്ചവടങ്ങളും കളവും കാരണം മുസ്‌ലിങ്ങൾ ഇന്ന് ലോകത്ത് അപമാനിതരായിരിക്കുന്നു.

ചുരുക്കത്തിൽ, ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അംഗീകരിച്ചുകൊണ്ട് തിരുനബി(സ)യിൽ യഥാർത്ഥ വിശ്വാസം ഉള്ളവരായി നമ്മൾ പ്രഖ്യാപിക്കുമ്പോൾ, നമ്മുടെ ഓരോ വാക്കിലും പ്രവൃത്തിയിലും സത്യസന്ധതയുടെ ഉന്നതമായ നിലവാരം ഉണ്ടായിരിക്കണം. അല്ലെങ്കിൽ തിരുനബി(സ) പറയുന്നു; 'ഇതൊന്നും ഇല്ലെങ്കിൽ നീ എന്നിൽപ്പെട്ടവനല്ല.' നിന്നോട് എനിക്ക് യാതൊരു ബന്ധവുമില്ല. സത്യസന്ധതയെ വളരെ സൂക്ഷ്മമായി പാലിച്ച് മുന്നോട്ട് പോകാൻ തിരുനബി(സ) നിരവധി ഉപദേശനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സത്യസന്ധതയിൽ പൂർണ്ണമായി ഉറച്ചുനിൽക്കാതെ ഒരാൾക്കും യഥാർത്ഥ മുസ്‌ലിമാവാൻ കഴിയില്ല.

തിരുനബി(സ)യുടെ ചരിത്രത്തെ ആസ്പദമാക്കി ചില കാര്യങ്ങൾ കൂടി ഞാൻ പറയാം.

തിരുനബി(സ) എപ്പോഴും സത്യം പറയുന്നതിലും അമാനത്തിലും (വിശ്വാസ്യത) ഏറ്റവും ഉന്നതനായിരുന്നതുകൊണ്ട് ജനങ്ങൾക്കിടയിൽ 'സാദിഖ്' (സത്യസന്ധൻ), 'അമീൻ' (വിശ്വസ്തൻ) എന്നീ പേരുകളിൽ പ്രസിദ്ധനായിരുന്നു.

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: 'തിരുനബി(സ) ജാഹിലിയ്യ കാലഘട്ടത്തിലാണ് നിയോഗിതനായത്. അവിടുത്തേക്ക് മുൻപ് താക്കീത് നൽകുന്ന ആരും അവർക്കിടയിൽ വന്നിരുന്നില്ല. അതായത് അവരുടെ സമുദായത്തിൽ ഒരു നബി വന്നിരുന്നില്ല. ആളുകൾ വിഗ്രഹങ്ങളെയും ബിംബങ്ങളെയും വ്യാജ ദൈവങ്ങളെയും ആരാധിച്ചിരുന്നു. എന്നാൽ ഇവർക്കിടയിൽ ആയിരുന്നിട്ടും ചെറുപ്പത്തിൽ തന്നെ തിരുനബി(സ)ക്ക് അറിവും വിവേകവും നൽകപ്പെട്ടു. ശൈത്താന്റെ കൂട്ടരുടെയും വിഗ്രഹാരാധകരുടെയും ഇടയിലായിരുന്നിട്ടും തിരുനബി(സ) ഒരിക്കലും ഒരു വിഗ്രഹത്തോടും ആഭിമുഖ്യം കാണിച്ചില്ല, അവരുടെ ഒരു ആഘോഷത്തിലും പങ്കുചേർന്നില്ല. തിരുനബി(സ)യിൽ നിന്ന് ഒരിക്കലും ഒരു കളവ് കേട്ടിട്ടില്ല. ആളുകൾ തിരുനബി(സ)യെ 'സദൂഖ്' അതായത് വളരെയധികം സത്യം പറയുന്നവൻ എന്നും, 'അമീൻ', 'ബുർദ്ബാർ' (ക്ഷമാശീലൻ), 'നഹായത്ത് മെഹർബാൻ' (ഏറ്റവും ദയാലു) എന്നും കരുതിയിരുന്നു.' *(ഇംതാഉൽ അസ്മാഅ്, വാല്യം 4, പേജ് 212)*

മാത്രമല്ല, ഇസ്‌ലാമിന് മുൻപ് ജാഹിലിയ്യ കാലഘട്ടത്തിൽ പോലും തിരുനബി(സ)യെക്കൊണ്ട് തീരുമാനങ്ങൾ എടുപ്പിക്കാറുണ്ടായിരുന്നു എന്ന് നിവേദനങ്ങളിൽ വരുന്നുണ്ട്. *(സുബുൽ ഹുദാ വൽ റശാദ്, വാല്യം 2, പേജ് 147)*

ഈ കാര്യത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് ഇപ്രകാരം വിവരിക്കുന്നു:

"തിരുനബി(സ)യുടെ ഉത്തമ സ്വഭാവങ്ങളെക്കുറിച്ച് അവിടുത്തെ സമുദായം തന്നെ നൽകിയ സാക്ഷ്യമാണ് ഏറ്റവും വലിയ തെളിവ്. നബിയാണെന്നുള്ള അവകാശവാദത്തിന് മുൻപ് തന്നെ, അവിടുത്തെ സമുദായം തിരുനബി(സ)ക്ക് 'അമീൻ' (വിശ്വസ്തൻ), 'സിദ്ദീഖ്' (സത്യസന്ധൻ) എന്ന് പേര് നൽകിയിരുന്നു. വഞ്ചന കാണിച്ചതിന് തെളിവില്ലാത്ത ആളുകൾ ലോകത്ത് പലരുമുണ്ടാകാം. വലിയ പരീക്ഷണങ്ങളിലൂടെ കടന്നുപോകാൻ അവസരം ലഭിക്കാത്ത ആളുകളും ധാരാളമുണ്ടാകാം. അതെ, അവർ ചെറിയ പരീക്ഷണങ്ങളിലൂടെ കടന്നുപോകാറുണ്ട്, അവരുടെ വിശ്വസ്തത നിലനിൽക്കാറുമുണ്ട്. എന്നിട്ടും അവരുടെ സമുദായം അവർക്ക് പ്രത്യേകമായ പേരോ സ്ഥാനപ്പേരോ നൽകുന്നില്ല. എന്തെന്നാൽ, ഒരു വ്യക്തി ഏതെങ്കിലും പ്രത്യേക സ്വഭാവത്തിൽ മറ്റെല്ലാ ആളുകളേക്കാളും മികച്ചുനിൽക്കുമ്പോൾ മാത്രമാണ് പ്രത്യേക സ്ഥാനപ്പേരുകൾ നൽകപ്പെടുന്നത്. യുദ്ധത്തിൽ പങ്കെടുക്കുന്ന ഓരോ പട്ടാളക്കാരനും സ്വന്തം ജീവൻ അപകടത്തിലാക്കുന്നുണ്ട്. എന്നാൽ ഓരോ പട്ടാളക്കാരനും ബ്രിട്ടീഷ് ജനത 'വിക്ടോറിയ ക്രോസ്' നൽകുന്നില്ല, ജർമ്മൻ ജനത 'അയൺ ക്രോസ്' നൽകുന്നതുമില്ല. ഫ്രാൻസിൽ വൈജ്ഞാനിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്, എന്നാൽ എല്ലാവർക്കും 'ലീജിയൻ ഓഫ് ഓണർ' (LEGION OF HONOUR) ബഹുമതി ലഭിക്കുന്നില്ല. അതിനാൽ, ഒരാൾ അമീനും സിദ്ദീഖും ആണെന്ന് പറയുന്നത് മാത്രം അയാളുടെ മഹത്വത്തെ പ്രത്യേകമായി പ്രകാശിപ്പിക്കുന്നില്ല. എന്നാൽ ഒരു സമൂഹം മുഴുവൻ ഒരാൾക്ക് അമീൻ, സിദ്ദീഖ് എന്ന സ്ഥാനപ്പേര് നൽകുക എന്നത് അസാധാരണമായ ഒരു കാര്യമാണ്. മക്കയിലെ എല്ലാ തലമുറയിലും പെട്ട ആളുകൾ, ഒരാൾക്ക് അമീൻ, സിദ്ദീഖ് എന്ന പേര് നൽകിയിരുന്നെങ്കിൽ പോലും, ആ സ്ഥാനപ്പേര് ലഭിച്ച വ്യക്തി വളരെ വലിയ മഹാനായി കണക്കാക്കപ്പെടുമായിരുന്നു. എന്നാൽ അറബികളുടെ ചരിത്രം കാണിക്കുന്നത്, അറബികൾ ഒരു തലമുറയിലും ഇങ്ങനെയൊരു പേര് ആർക്കും നൽകിയിരുന്നില്ല എന്നാണ്.

അറബികളുടെ നൂറുകണക്കിന് വർഷത്തെ ചരിത്രത്തിൽ മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ ഒരേയൊരു മാതൃക മാത്രമാണുള്ളത്, അവിടുത്തേക്ക് അറബികൾ 'അമീൻ', 'സിദ്ദീഖ്'എന്ന സ്ഥാനപ്പേര് നൽകി. അതിനാൽ, അറബികളുടെ നൂറുകണക്കിന് വർഷത്തെ ചരിത്രത്തിൽ ഒരു സമുദായം ഒരാൾക്ക് മാത്രം 'അമീൻ', 'സിദ്ദീഖ്'എന്ന സ്ഥാനപ്പേര് നൽകി എന്നത് അവിടുത്തെ വിശ്വസ്തതയും സത്യസന്ധതയും അത്രയും ഉന്നതമായ നിലവാരത്തിലായിരുന്നു എന്നാണ് കാണിക്കുന്നത്. അത് പോലൊന്ന് അറബികളുടെ അറിവിൽ മറ്റൊരാളിലും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. അറബികൾ തങ്ങളുടെ സൂക്ഷ്മദൃഷ്ടിക്ക് ലോകത്ത് പ്രസിദ്ധരായിരുന്നു. അതിനാൽ അവർ എന്താണോ അപൂർവ്വമായി കണക്കാക്കിയത്, അത് തീർച്ചയായും ലോകത്ത് അപൂർവ്വമായി തന്നെ കണക്കാക്കാൻ അർഹമായിരുന്നു." *(ദിബാച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം, വാല്യം 20, പേജ് 374375)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഇന്ന് ലോകത്തിന്റെ അവസ്ഥ വളരെ സങ്കീർണമായിരിക്കുന്നു. ഏത് വശത്തുനിന്നും ഏത് രൂപത്തിൽ നോക്കിയാലും, കള്ള സാക്ഷികളെ സൃഷ്ടിക്കപ്പെടുന്നു. കള്ളക്കേസുകൾ ഫയൽ ചെയ്യുക എന്നത് നിസ്സാരമായ കാര്യമായിരിക്കുന്നു. കള്ള സർട്ടി


• ഹദീഥുന്നബ്‌വി ﷺ •

**"അക്‌രിമൂ ഔലാദക്കും."**
**നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.**

ത്വാലിബെ ദുആ
**C. K.MUHAMMED SHAREEF&FAMILY**
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

**"അൽഅമാനത്തു ഇസ്സുൻ."**
**വിശ്വസ്തത അന്തസ്സാണ്.**

ത്വാലിബെ ദുആ
**LATE T.K.SIDHIQUE AND FAMILY**
KARULAI, MALAPPURAM

ഫിക്കറ്റുകൾ നിർമ്മിക്കുന്നു.” വ്യാജരേഖകൾ പോലും തയ്യാറാക്കുന്നു. “എന്തെങ്കിലും ഒരു കാര്യം പറയുകയാണെങ്കിൽ സത്യാവസ്ഥയെ ഒഴിവാക്കി സംസാരിക്കും.” ഏതിലാണോ ലാഭമുള്ളത് അതിനുവേണ്ടി അവർ സത്യത്തെ ഉപേക്ഷിക്കുകയും കളവായ കാര്യങ്ങൾ പറയുകയും ചെയ്യും. “നമ്മുടെ ജമാഅത്തിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിക്കാത്തവരോട് ആരെങ്കിലും ചോദിക്കട്ടെ, ഇതാണോ ആ ദീൻ?” അതായത്, താൻ ജമാഅത്ത് തുടങ്ങിയത് സത്യസന്ധതയിൽ നിലകൊള്ളാൻ വേണ്ടിയാണ് എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അവിടുന്ന് പറയുന്നു, “അവരോട് ചോദിക്കട്ടെ, തിരുനബി(സ) കൊണ്ടുവന്ന ദീൻ ഇതാണോ? അല്ലാഹു കളവിനെ ‘നജാസത്ത്’ (അശുദ്ധി) എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. അത് വർജ്ജിക്കണമെന്ന് അവൻ കൽപ്പിച്ചു. അല്ലാഹു പറയുന്നു:

اِجۡتَنِبُوا الرِّجۡسَ مِنَ الۡاَوۡثَانِ
وَاجۡتَنِبُوۡا قَوۡلَ الزُّوۡرِ۔(الحج:31)

‘നിങ്ങൾ വിഗ്രഹങ്ങളിൽ നിന്നുള്ള മലിനതയിൽ നിന്നും, കളവായ വാക്കുകളിൽ നിന്നും വിട്ടുനിൽക്കുക.’ (അൽ ഹജ്ജ്: 31). വിഗ്രഹാരാധനയോടൊപ്പമാണ് ഈ കളവിനെ അല്ലാഹു ചേർത്തിരിക്കുന്നത്. വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ വിട്ടുപിരിഞ്ഞ് കല്ലിന് മുന്നിൽ തലകുനിക്കുന്നത് പോലെയാണിത്.” അതായത്, അശുദ്ധിയിൽ നിന്ന് നിങ്ങൾ വിട്ടുനിൽക്കുക എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം, വിഗ്രഹാരാധന എത്ര വലിയ തിന്മയാണോ, അതുപോലെ തന്നെയാണ് കളവ് പറയുന്നതും. കളവ് പറയുന്നത് അശുദ്ധിയിൽ വീണുപോകുന്നതിന് തുല്യമാണ്, തെറ്റായ പ്രവൃത്തിയിൽ ഏർപ്പെടുന്നതിന് തുല്യമാണ്. അതിനാൽ, വിഗ്രഹാരാധനയും തെറ്റായ കാര്യമാണ്, അശുദ്ധമായ കാര്യമാണ് എന്ന് അവിടുന്ന് വ്യക്തമാക്കി.

തുടർന്നു പറയുന്നു: “വിഗ്രഹാരാധനയോടൊപ്പമാണ് ഈ കളവിനെ അല്ലാഹു ചേർത്തിരിക്കുന്നത്. വിഡ്ഢിയായ മനുഷ്യൻ അല്ലാഹുവിനെ വിട്ടുപിരിഞ്ഞ് കല്ലിന് മുന്നിൽ തലകുനിക്കുന്നത് പോലെ, സത്യത്തെയും നേർവഴിയെയും ഉപേക്ഷിച്ച് സ്വന്തം ലാഭത്തിനുവേണ്ടി കളവിനെ ഒരു വിഗ്രഹമാക്കി മാറ്റുന്നു. അതുകൊണ്ടാണ് അല്ലാഹു അതിനെ വിഗ്രഹാരാധനയോട് ചേർത്തുപറഞ്ഞതും അതിനോട് ഉപമിച്ചതും.” വിഗ്രഹാരാധനയിൽ നിന്ന് വിട്ടുനിൽക്കുക, കാരണം അതൊരു വലിയ പാപമാണ്, കളവ് പറയുന്നതും അതിന് തുല്യമാണ്.

അവിടുന്ന് പറയുന്നു: “ഒരു വിഗ്രഹാരാധകൻ വിഗ്രഹത്തോട് നിന്ന് രക്ഷയാചിക്കുന്നത് പോലെയാണ്, കളവ് പറയുന്നവനും തനിക്ക് വേണ്ടി ഒരു വിഗ്രഹം നിർമ്മിക്കുകയും, ആ വിഗ്രഹത്തിലൂടെ തനിക്ക് രക്ഷ ലഭിക്കുമെന്ന് വിചാരിക്കുകയും ചെയ്യുന്നത്. എത്ര വലിയ നാശമാണ് വന്നിരിക്കുന്നത്! നിങ്ങളെന്തിനാണ് വിഗ്രഹാരാധകരാകുന്നത്? ഈ അശുദ്ധിയെ ഉപേക്ഷിക്കൂ എന്ന് പറഞ്ഞാൽ, അവർ പറയുന്നു, അത് എങ്ങനെയുപേക്ഷിക്കും? അതില്ലാതെ ജീവിക്കാൻ കഴിയില്ല.”

വിഗ്രഹത്തിന്റെ ഈ അഴുക്കും അശുദ്ധിയും ഉപേക്ഷിക്കൂ എന്ന് പറഞ്ഞാൽ, എന്തുകൊണ്ട് ഉപേക്ഷിക്കുന്നില്ല എന്ന് ചോദിച്ചാൽ, അവർ പറയുന്നു, അതില്ലാതെ ജീവിക്കാൻ കഴിയില്ല എന്ന്. തങ്ങളുടെ കാര്യസാധ്യത്തിന് കളവ് പറയേണ്ടതുണ്ട് എന്ന് അവർ കരുതുന്നു. അവിടുന്ന് പറയുന്നു:

“ഇതിനേക്കാൾ വലിയ നിർഭാഗ്യം വേറെയെന്തുണ്ട്? കളവിലാണ് തങ്ങളുടെ ജീവിതം കെട്ടിപ്പടുത്തിരിക്കുന്നതെന്ന് അവർ വിചാരിക്കുന്നു. എന്നാൽ ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുന്നു, ഒടുവിൽ സത്യം തന്നെയാണ് വിജയിക്കുക. നന്മയും വിജയവും സത്യത്തിനുള്ളതാകുന്നു.” *(മൽഫൂസാത്ത്, വാല്യം 8, പേജ് 181, 2022 പതിപ്പ്)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തിരുനബി(സ)യുടെ ചരിത്രം വിവരിക്കവേ ഒരിടത്ത് ഇപ്രകാരം എഴുതുന്നു:

“റസൂൽ കരീം(സ) തന്റെ ധർമപത്നിയോട് തനിക്ക് ഇപ്രകാരം വഹ്‌യ് (ദിവ്യസന്ദേശം) ലഭിച്ചിരിക്കുന്നുവെന്ന് അറിയിച്ചപ്പോൾ അവർ ‘ഇതെന്ത് തരം പ്രഹസനമാണ് നിങ്ങൾ ഉണ്ടാക്കാൻ തുടങ്ങുന്നത്?’ എന്ന് ചോദിക്കുന്നില്ല. മറിച്ച് പറയുന്നു: ‘താങ്കൾ ഭയപ്പെടേണ്ട. താങ്കൾ കണ്ടതെല്ലാം സത്യമാണ്. അല്ലാഹു താങ്കളെ ഒരിക്കലും കൈവിടില്ല. കാരണം, താങ്കൾ കുടുംബബന്ധങ്ങൾ ചേർക്കുന്നു, ദരിദ്രരുടെ ഭാരം ചുമക്കുന്നു, നഷ്ടപ്പെട്ടുപോയ നന്മകളെ പുന:സ്ഥാപിക്കുന്നു, അതിഥികളെ സൽക്കരിക്കുന്നു, സത്യത്തെ സഹായിക്കുന്നു.’ സത്യത്തെയും നീതിയെയും സഹായിക്കുന്നു. ‘തുടർന്ന് അവർ നബി(സ)യെ തന്റെ സഹോദരപുത്രനായ വറഖ: ബ്നു നൗഫലിന്റെ അടുത്തേക്ക് കൊണ്ടുപോകുന്നു. അദ്ദേഹം ഇസ്രായേലീ ശാസ്ത്രങ്ങളിൽ പണ്ഡിതനായിരുന്നു. വിവരങ്ങൾ കേട്ട ഉടനെ അദ്ദേഹം പറയുന്നു: ഇത് മൂസാ(അ)ന് ലഭിച്ചതുപോലെയുള്ള വഹ്‌യ് തന്നെയാണ്. മൂസാ(അ)ന്റെ വഹ്‌യിൽ ഉണ്ടായിരുന്നതുപോലെയുള്ള നിയമങ്ങളും കൽപ്പനകളും ഈ വഹ്‌യിലും കാണപ്പെടുന്നു.’ ആ സമയത്തെ സാക്ഷ്യങ്ങളാണ് ഇതൊക്കെ. കഴിഞ്ഞ ഖുതുബയിൽ ഞാൻ ഇതിനെക്കുറിച്ച് ചുരുക്കത്തിൽ പറഞ്ഞിട്ടുണ്ട്.

പിന്നീട് അടുത്ത സാക്ഷ്യത്തെക്കുറിച്ച് അദ്ദേഹം (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്) വിവരിക്കുന്നു: ‘വീട്ടിൽ യൗവനത്തിലേക്ക് കാലെടുത്തുവെക്കുന്ന ഒരു സഹോദരപുത്രൻ, യുവാക്കൾക്കിടയിൽ പ്രചാരണത്തിന് നല്ലൊരു മാർഗ്ഗമായി മാറാൻ കഴിയുന്ന ആ വ്യക്തി, തന്റെ സഹോദരനെയും സഹോദരഭാര്യയെയും.’ അതായത് തിരുനബി(സ)യെയും ഹദ്റത്ത് ഖദീജ(റ)യെയും ‘ഏതോ വലിയ മാറ്റത്തെക്കുറിച്ച് അതിഗൗരവമായി സംസാരിക്കുന്നത് കേൾക്കുന്നു. അപ്പോൾ വലിയ പക്വതയോടെ മുന്നോട്ടുവന്ന് അദ്ദേഹം പറയുന്നു: താങ്കൾ സത്യവാനാണെന്നും, അല്ലാഹു തീർച്ചയായും താങ്കളോട് സംസാരിക്കുകയും ലോകത്തിന്റെ നന്മയ്ക്കായി താങ്കളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും എനിക്ക് ഉറപ്പുണ്ട്.’

‘പിന്നെ, തിരുനബി(സ)യുടെ മഹത്തായ സ്വഭാവത്തിൽ ആകൃഷ്ടനായി, സ്വന്തം മാതാപിതാക്കളെപ്പോലും വിട്ട് തിരുനബി(സ)യുടെ വാതിൽക്കൽ തന്നെ കഴിയാൻ തിരഞ്ഞെടുത്തിരുന്ന ഒരു സ്വതന്ത്രനാക്കപ്പെട്ട അടിമയുടെ സാക്ഷ്യവുമുണ്ട്. ഈ സംഭവവികാസങ്ങൾ കേട്ടപ്പോഴും തന്റെ യജമാനന്റെ മുഖത്ത് ആശങ്കയുടെ ലക്ഷണങ്ങൾ കണ്ടപ്പോഴും അദ്ദേഹം മുന്നോട്ടുവന്ന്, തിരുനബി(സ)യുടെ കോന്തലയിൽ പിടിച്ചുകൊണ്ട് പറഞ്ഞു:

ഭഎന്റെ യജമാനരേ! അങ്ങ് കണ്ടത് സത്യമാണ്; അങ്ങ് പറഞ്ഞത് സത്യമാണ്. അങ്ങയെപ്പോലുള്ള ഒരാളെ പ്രകൃതി കബളിപ്പിക്കുകയില്ല. അങ്ങ് സത്യസന്ധതയുടെ പ്രതിരൂപമാണ്. പ്രകൃതിക്ക് എങ്ങനെ അങ്ങയെ വഞ്ചിക്കാൻ കഴിയും? ഇപ്പോൾ ലോകത്തിന്റെ നവീകരണം അങ്ങയുടെ കൈകളിലൂടെ നടക്കേണ്ട സമയം വന്നിരിക്കുന്നു. അങ്ങയോടൊപ്പം തുടരാനും അങ്ങയെ സേവിക്കാനും എന്നെ അനുവദിക്കണം.

അദ്ദേഹത്തിനൊരു മറ്റുസാക്ഷ്യവും ഉണ്ടായിരുന്നു. അത്യന്തം അടുത്തും ആത്മാർത്ഥവുമായ ഒരു സുഹൃത്തിന്റെ സാക്ഷ്യം. ഒരേ ചിപ്പിക്കുള്ളിൽ വളർന്ന രണ്ടാമത്തെ മുത്തുപോലെയായിരുന്നു ആ സൗഹൃദം. തന്റെ സുഹൃത്ത് മുമ്പ് കേട്ടിട്ടില്ലാത്ത കാര്യങ്ങൾ സംസാരിക്കാൻ തുടങ്ങിയെന്നും, ചിലർ അദ്ദേഹത്തിന്റെ മനസ്സിനെ എന്തോ ബാധിച്ചിരിക്കാമെന്ന് പറയുന്നുവെന്നും കേട്ടപ്പോൾ, അദ്ദേഹം ഉടൻ തന്നെ സുഹൃത്തിന്റെ അടുക്കലേക്ക് പാഞ്ഞെത്തി. വാതിൽ തുറന്ന് അദ്ദേഹം ചോദിച്ചു:

‘ഞാൻ കേൾക്കുന്നതെല്ലാം സത്യമാണോ?’

തിരുനബി(സ) ആ കാര്യം അദ്ദേഹത്തോട് വിശദീകരിക്കാൻ തുടങ്ങുമ്പോൾ, അദ്ദേഹം പറഞ്ഞു:

‘അല്ലാഹുവാണെ, തെളിവുകൾ നിരത്തേണ്ടതില്ല. ഈ കാര്യങ്ങൾ സത്യമാണോ അല്ലയോ എന്ന് മാത്രം പറയുക.’

തിരുനബി(സ) അത് സത്യമാണെന്ന് സ്ഥിരീകരിച്ചപ്പോൾ, അദ്ദേഹം മറുപടി പറഞ്ഞു:

‘എന്റെ സത്യസന്ധനായ സുഹൃത്തേ! ഞാൻ അങ്ങയുടെ പ്രവാചകത്വത്തിൽ വിശ്വസിക്കുന്നു. അങ്ങ് വല്ലാത്തൊരു മനുഷ്യൻ തന്നെ, തെളിവുകൾ അവതരിപ്പിച്ചുകൊണ്ട് എന്റെ സംശയത്തിന് ഇടവരുത്തുകയാണ്! അങ്ങയുടെ സത്യസന്ധത ഞാൻ ഏറെ കണ്ടറിഞ്ഞിട്ടുള്ളതിനാൽ, എനിക്ക് യാതൊരു തെളിവിന്റെയും ആവശ്യമില്ല.

ഹദ്റത്ത് അബൂബക്കർ(റ) തുടർന്ന് പറഞ്ഞു:

‘എന്റെ സുഹൃത്തേ! അങ്ങയുടെ മുഖം കണ്ടിട്ടുള്ള ഒരാൾക്ക് അങ്ങയുടെ വാക്കുകളെ എങ്ങനെ സംശയിക്കാൻ കഴിയും?’

എതിർപ്പ് ഉണ്ടാകേണ്ടത് തന്നെയായിരുന്നു എന്നതിൽ സംശയമില്ല.

കാരണം വറഖ ബ്നു നൗഫൽ പറഞ്ഞതുപോലെ:

لَمۡ يَاۡتِ رَجُلٌ قَطُّ بِمِثۡلِ مَا جِئۡتَ بِهٖ اِلَّا عُوۡدِیَ

അതായത്, ഇത്തരം സന്ദേശവുമായി വന്നവരാരും ആളുകളുടെ എതിർപ്പിൽ നിന്ന് രക്ഷപ്പെട്ടിട്ടില്ല. എന്നാൽ അല്ലാഹുവിന്റെ പദ്ധതി കാണുക; ഈ എതിർപ്പിന്റെ കൊടുങ്കാറ്റ് വരുന്നതിന് മുൻപേ, അല്ലാഹു എങ്ങനെയാണ് തിരുനബി(സ)ക്ക് അനുചരന്മാരെ ഒരുക്കിവെച്ചത്!

മക്കാനിവാസികളിൽ, ഇസ്രായേലീ പണ്ഡിതനായ വറഖ ആദ്യ സന്ദർശനത്തിൽ തന്നെ തിരുനബി(സ)ക്ക് മുന്നിൽ മുട്ടുമടക്കി. ജീവിതസഖിയായ ഖദീജ(റ) വഹ്‌യ് കേട്ട ഉടനെ തിരുനബി(സ)ക്ക് വേണ്ടി സർവ്വതും സമർപ്പിച്ചു. തിരുനബി(സ)യുടെ കുടുംബജീവിതത്തിലെ സ്വഭാവം എപ്പോഴും കണ്ടിരുന്ന കൗമാരക്കാരനായ അലി(റ), തന്റെ സേവനങ്ങൾ സമർപ്പിക്കാൻ സന്നദ്ധനായി. തിരുനബി(സ)യുടെ ഇടപാടുകളും ദരിദ്രരോടുള്ള പെരുമാറ്റവും ദീർഘകാലം അടുത്തറിഞ്ഞ സ്വതന്ത്രനാക്കപ്പെട്ട അടിമ സൈദ്(റ), അവിടുത്തെ സത്യസന്ധതയെ പറ്റി സത്യം ചെയ്യാൻ തുടങ്ങി. ബാല്യകാല സുഹൃത്തും മക്കയുടെ ഗുണകാംക്ഷിയും ഉത്തമ സ്വഭാവത്തിന്റെ പ്രതീകവുമായ അബൂബക്കർ(റ),

**• ഹദീഥുന്നബ്‌വി ﷺ •**

**“തഅല്ലമുൽയഖീന.”**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

തിരുനബി(സ) പ്രവാചകത്വം അവകാശപ്പെട്ടുവെന്ന് കേട്ട മാത്രയിൽ തന്നെ തന്റെ കഴുത്തിൽ അടിമത്തത്തിന്റെ വിലങ്ങണിഞ്ഞ് തിരുനബി(സ)യുടെ വാതിൽക്കൽ വന്നിരുന്നു.

ഈ ആദരവിന്റെയും ആത്മാർത്ഥതയുടെയും അസാധാരണമായ പ്രകടനം തിരുനബി(സ)യുടെ മനസ്സിൽ എത്രത്തോളം സന്തോഷമായിരിക്കും ഉണ്ടാക്കിയിട്ടുണ്ടാവുക! മക്കാനിവാസികളുടെ ഒച്ചപ്പാടും പരിഹാസവും കേൾക്കുമ്പോൾ തിരുനബി(സ) എങ്ങനെയായിരിക്കും പുഞ്ചിരിച്ചിട്ടുണ്ടാവുക! അവിടുന്ന് പറഞ്ഞിട്ടുണ്ടാകണം, "എന്നെ അറിയാത്തവരായ നിങ്ങൾ നൽകുന്ന വിധിയാണിത്." "എന്നെ സാഹിർ (മാരണക്കാരൻ) എന്നും മാന്ത്രികൻ എന്നും മറ്റും വിളിക്കുന്നവരേ, എന്നെ അറിയുന്നവർ നൽകിയ ഈ വിധി കൂടി കേൾക്കൂ. അവർ എപ്രകാരമാണ് ജീവൻ നൽകി എനിക്ക് ഇരുവശത്തും നിൽക്കുന്നത്?!"

ഹദ്റത്ത് മൂസാ(അ) തന്റെ ഭാരം ചുമക്കാൻ ഒരു സഹായിയെ ആവശ്യപ്പെട്ടു കൊണ്ട് പ്രർഥിച്ചിരുന്നു. ഇവിടെ ആയത്തിന്റെ വ്യാഖ്യാനത്തിൽ ഹദ്റത്ത് മൂസാ(അ)ന്റെയും തിരുനബി(സ)യുടെയും അനുചരന്മാരെ താരതമ്യം ചെയ്യുന്നു.

അതുകൊണ്ടാണ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ), ഹദ്റത്ത് മൂസാ(അ) ന്റെ ഉദാഹരണം നൽകിയത്. ഹദ്റത്ത് മൂസാ(അ) പ്രാർത്ഥനയിലൂടെ ഒരു സഹായിയെ ആവശ്യപ്പെട്ടിരുന്നു. "എന്നാൽ മുഹമ്മദ് റസൂലുല്ലാഹി(സ)ക്ക്, ചോദിക്കാതെ തന്നെ അല്ലാഹു അഞ്ച് സഹായികളെ നൽകി. തിരുനബി(സ)യുടെ ഭാരം ചുമക്കുന്നതിൽ അവർ അസാധാരണമായ മികവ് കാട്ടി."

വറഖ പെട്ടെന്നുതന്നെ മരണപ്പെട്ടുവെങ്കിലും തിരുനബി(സ)യുടെ സത്യസന്ധതയ്ക്ക് മായാത്ത സാക്ഷ്യം നൽകി. ഹദ്റത്ത് ഖദീജ(റ) അതിനുശേഷം പന്ത്രണ്ട് വർഷത്തോളം, ഒരു സ്ത്രീയായിരുന്നിട്ടും, ഏറ്റവും ധീരനായ പുരുഷന് മാത്രം അഭിമാനിക്കാൻ കഴിയുന്നത്ര കാര്യങ്ങൾ ചെയ്തു കാണിച്ചു. ഹദ്റത്ത് സൈദ്(റ) അതിനുശേഷം ഇരുപത് വർഷത്തോളം ത്യാഗത്തിന്റെ സമാനതകളില്ലാത്ത മാതൃക കാണിച്ചു. അവസാനം വാളുകളുടെ അഗ്രത്തിന് മുന്നിൽ സ്വന്തം രക്തം ഒഴുക്കി, മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ സഹായികൾ എങ്ങനെയുള്ളവരായിരിക്കണം എന്ന് തെളിയിച്ചു. അബൂബക്കർ(റ)വും അലി(റ)വും തിരുനബി(സ)യുടെ വിയോഗത്തിന് ശേഷവും നിലനിന്നു, ഖലീഫമാരായി പുതിയൊരു തലത്തിൽ തങ്ങളുടെ സേവനം തെളിയിച്ചു. *(തഫ്സീർ കബീർ, വാല്യം 13, പേജ് 201,202, 2023 പതിപ്പ്)*

അതായത്, 'സത്യസന്ധനും നീതിമാനുമായ ഒരു വ്യക്തിയുടെ സത്യസന്ധതയ്ക്കുള്ള ഏറ്റവും വലിയ തെളിവുകളിൽ ഒന്ന് അയാളുടെ സ്വന്തം അസ്തിത്വം തന്നെയാണ്. അത് ഉറക്കെ വിളിച്ചുപറയുന്നു; എതിരാളികളോടും അനുകൂലികളോടും, അറിയാത്തവരോടും അറിയുന്നവരോടും, അപരിചിതരോടും വിശ്വസ്തരോടും അത് പറയുന്നു: 'എന്നെ നോക്കൂ! എന്നെ കള്ളം പറയുന്നവനായി മുദ്രകുത്തുന്നതിന് മുൻപ് ഒന്നു ചിന്തിക്കൂ; നിങ്ങൾക്ക് എന്നെ കള്ളം പറയുന്നവനായി വിളിക്കാൻ കഴിയുമോ? എന്നെ കള്ളം പറയുന്നവനാക്കി മാറ്റിയാൽ, കാര്യങ്ങളുടെ സത്യം മനസ്സിലാക്കാൻ നിങ്ങൾ ഉപയോഗിക്കുന്ന എല്ലാ മാർഗ്ഗങ്ങളും നിങ്ങൾക്ക് നഷ്ടപ്പെടില്ലേ? എന്നെ വ്യാജവാദിയായി പ്രഖ്യാപിച്ചാൽ, ലക്ഷ്യസ്ഥാനത്തെത്തിച്ചേരാൻ നിങ്ങൾ ഉപയോഗിക്കുന്ന എല്ലാ വാതിലുകളും നിങ്ങൾക്ക് മുൻപിൽ കൊട്ടിയടയ്ക്കപ്പെടില്ലേ?'

ലോകത്തിലെ എല്ലാ കാര്യങ്ങളും ഒരു തുടർച്ച ആഗ്രഹിക്കുന്നു, എല്ലാത്തിനും അതിന്റേതായ ഘട്ടങ്ങളുണ്ട്. ഒരു നന്മയ്ക്കും, ഇടയിലുള്ള ഘട്ടങ്ങളെ ഒഴിവാക്കി അതിന്റെ പൂർണ്ണതയിലെത്താൻ കഴിയില്ല. അതുപോലെ തിന്മയ്ക്കും, ഇടയിലുള്ള ഘട്ടങ്ങളെ ഉപേക്ഷിച്ച് അതിന്റെ അങ്ങേയറ്റത്തെത്താനും കഴിയില്ല. അപ്പോൾ പിന്നെ പടിഞ്ഞാറോട്ട് ഓടുന്ന ഒരാൾക്ക് പെട്ടെന്ന് തന്നെ ത്താൻ കിഴക്കിന്റെ അറ്റത്ത് കാണുമെന്ന് എങ്ങനെ പറയാൻ കഴിയും? അയാൾ ഓടുന്നത് ഒരു വശത്തേക്കും എത്തുന്നത് മറ്റൊരു വശത്തേക്കും ആകുന്നത് അസാധ്യമാണ്. തെക്ക് ദിശയിൽ പോകുന്ന ഒരാൾക്ക് വടക്കേ ചക്രവാളത്തിൽ എങ്ങനെ നിൽക്കാൻ കഴിയും?'

പറയുന്നു: 'ഞാൻ എന്റെ ജീവിതം മുഴുവൻ നിങ്ങൾക്കിടയിലാണ് ചെലവഴിച്ചത്. തിരുനബി(സ) ജനങ്ങളോട് പറഞ്ഞു: 'ഞാൻ കുട്ടിയായിരുന്നു, നിങ്ങളുടെ കൈകളിലാണ് വളർന്നു വന്നത്. ഞാൻ യുവാവായിരുന്നപ്പോഴും മധ്യവയസ്കനായപ്പോഴും നിങ്ങളുടെ ഇടയിലായിരുന്നു. എന്റെ ഏകാന്തതയ്ക്കും പരസ്യജീവിതത്തിനും നിങ്ങൾ സാക്ഷികളാണ്. എന്റെ ഒരു കാര്യവും നിങ്ങളിൽ നിന്ന് മറച്ചുവെച്ചിട്ടില്ല, എന്റെ ഒരു വാക്കും നിങ്ങളിൽ നിന്ന് ഒളിച്ചുവെച്ചിട്ടില്ല. എന്നിട്ടും, ഞാൻ ഒരിക്കലെങ്കിലും കളവു പറഞ്ഞിട്ടുണ്ടെന്ന് പറയാൻ നിങ്ങളിൽ ആർക്കെങ്കിലും കഴിയുമോ?'

തിരുനബി(സ) വിളംബരം ചെയ്യുന്നു; 'ഞാൻ എപ്പോഴെങ്കിലും കള്ളം പറഞ്ഞിട്ടുണ്ടെന്നോ, അക്രമം കാണിച്ചിട്ടുണ്ടെന്നോ, വഞ്ചനയോ ചതിയോ ചെയ്തിട്ടുണ്ടെന്നോ, മറ്റൊരാളുടെ അവകാശം കവർന്നിട്ടുണ്ടെന്നോ, സ്വന്തം മഹത്വം ആഗ്രഹിച്ചിട്ടുണ്ടെന്നോ, അധികാരം പിടിച്ചെടുക്കാൻ ശ്രമിച്ചിട്ടുണ്ടെന്നോ പറയാൻ ആർക്കെങ്കിലും കഴിയുമോ? ഓരോ രംഗത്തും നിങ്ങൾ എന്നെ പരീക്ഷിച്ചു, എല്ലാ അവസ്ഥയിലും നിങ്ങൾ എന്നെ പരിശോധിച്ചു. എന്നാൽ എന്റെ കാൽപ്പാടുകൾ എപ്പോഴും മിതത്വത്തിന്റെ പാതയിൽ മാത്രമാണ് നിങ്ങൾ കണ്ടത്. എല്ലാ അഴുക്കുകളിൽ നിന്നും നിങ്ങൾ എന്നെ പരിശുദ്ധനായി കണ്ടെത്തി. എത്രത്തോളമെന്നാൽ, ശത്രുക്കളിൽ നിന്നും മിത്രങ്ങളിൽ നിന്നും ഞാൻ അമീൻ (വിശ്വസ്തൻ), സ്വാദിഖ് (സത്യസന്ധൻ) എന്നീ വിശേഷണങ്ങൾ നേടി.

ഇന്നലെ വൈകുന്നേരം വരെ ഞാൻ അമീനും സ്വാദിഖും നീതിമാനും കളവിൽ നിന്ന് ദൂരെയുള്ളവനും ആയിരുന്നു. സത്യസന്ധതയിൽ ഞാൻ മുഴുകിയിരുന്നു, സത്യസന്ധത തന്നെ എന്നിൽ അഭിമാനം കൊള്ളുകയായിരുന്നു. എല്ലാ കാര്യങ്ങളിലും നിങ്ങൾ എന്നെ വിശ്വസിച്ചിരുന്നു, എന്റെ വാക്കുകൾ നിങ്ങൾ അംഗീകരിച്ചിരുന്നു. എന്നാൽ ഇന്ന് ഒറ്റദിവസം കൊണ്ട് ഇങ്ങനെയൊരു മാറ്റം സംഭവിച്ച് ഞാൻ മോശക്കാരനും വൃത്തികെട്ടവനുമായി മാറിയോ? വെറുമൊരു അവകാശവാദത്തിന്റെ പേരിൽ! 'മനുഷ്യരുടെ കാര്യത്തിൽ ഒരിക്കലും കളവു പറയാതിരുന്ന ഞാൻ, ഇപ്പോൾ അല്ലാഹുവിന്റെ പേരിൽ കളവു പറയാൻ തുടങ്ങിയോ?' ഇത്ര വലിയൊരു മാറ്റം പ്രകൃതി നിയമത്തിൽ എവിടെയെങ്കിലും കാണാൻ കഴിയുമോ? ഒന്ന് രണ്ട് ദിവസത്തെ കാര്യമാണെങ്കിൽ, തട്ടിപ്പിലൂടെയാണ് ഇങ്ങനെ അഭിനയിച്ചതെന്ന് നിങ്ങൾക്ക് പറയാമായിരുന്നു. ഒന്ന് രണ്ട് വർഷത്തെ കാര്യമാണെങ്കിൽ, നിങ്ങളെ പറ്റിക്കാൻ ഞാൻ ഈ മാർഗ്ഗം സ്വീകരിച്ചതാണെന്ന് നിങ്ങൾക്ക് പറയാമായിരുന്നു. എന്നാൽ എന്റെ ജീവിതകാലം മുഴുവൻ ഞാൻ നിങ്ങൾക്കിടയിലാണ് ചെലവഴിച്ചത്. എന്റെ ബാല്യകാലം നിങ്ങൾ കണ്ടു. യൗവനം നിങ്ങൾ നിരീക്ഷിച്ചു. വാർദ്ധക്യത്തിന്റെ തുടക്കവും നിങ്ങളുടെ കണ്ണുകൾക്ക് മുൻപിലൂടെയാണ് കടന്നുപോയത്. ഇത്രയധികം അഭിനയവും കൃത്രിമത്വവും എങ്ങനെ സാധ്യമാകും? സ്വന്തം ഗുണദോഷങ്ങൾ പോലും തിരിച്ചറിയാത്ത ബാല്യകാലത്ത് ഞാൻ എങ്ങനെയാണ് അഭിനയിച്ചത്? ഉന്മാദമെന്ന് പറയപ്പെടുന്ന യൗവനകാലത്ത് ഞാൻ എങ്ങനെയാണ് വഞ്ചനയിലൂടെ എന്റെ യഥാർത്ഥ അവസ്ഥ മറച്ചുവെച്ചത്? ചിന്തിച്ചു നോക്കൂ, ഈ വഞ്ചന എപ്പോഴാണ് നടന്നത്? ആര് ചെയ്തതാണ്? എന്റെ ജീവിതത്തെ കുറ്റമറ്റതും കളങ്കരഹിതവുമായി കാണുകയും, അതിനെ നന്മയുടെയും സത്യസന്ധതയുടെയും പ്രതീകമായി കാണുകയും ചെയ്യുന്നുവെങ്കിൽ, സൂര്യൻ ഉദിച്ചു നിൽക്കുമ്പോൾ രാത്രിയാണെന്ന് പ്രഖ്യാപിക്കരുത്. പകൽ വെളിച്ചം ഉണ്ടായിരിക്കെ ഇരുട്ടിനെക്കുറിച്ച് പരാതിപ്പെടരുത്. എന്റെ സത്യത്തെ തെളിയിക്കാൻ എന്റെ വ്യക്തിത്വമല്ലാതെ മറ്റൊരു തെളിവ് നിങ്ങൾക്ക് ആവശ്യമുണ്ടോ?'

'എന്റെ സ്വന്തം ആത്മാവ് എനിക്ക് സാക്ഷിയാണ്, എന്റെ ജീവിതം എനിക്ക് സാക്ഷ്യമാണ്. നിങ്ങളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തിയാൽ, സത്യസന്ധത എന്നിൽ നിലനിൽക്കുന്നുവെന്നും ഞാൻ സത്യത്താൽ നിലനിൽക്കുന്നുവെന്നും നിങ്ങളുടെ മനസ്സിനും തലച്ചോറിനും സാക്ഷ്യം പറയാൻ കഴിയും. സത്യസന്ധത എന്നിൽ അഭിമാനം കൊള്ളുന്നു, എനിക്ക് സത്യസന്ധതയിലും അഭിമാനമുണ്ട്. എന്റെ സത്യത്തെ തെളിയിക്കാൻ മറ്റുള്ളവയുടെ സഹായം എനിക്ക് ആവശ്യമില്ല. ഇതിന്റെ ഉദാഹരണം 'ആഫ്താബ് ആമദ് ദലീൽഇആഫ്താബ്' (സൂര്യൻ തന്നെയാണ് സൂര്യന്റെ തെളിവ്) എന്നത് പോലെയാണ്.'

സൂര്യൻ ഉദിച്ചുയരുന്നത് സൂര്യൻ ഉള്ളതിന്റെ തെളിവാണ്. "ഇതാണ് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ച ഏറ്റവും ശക്തമായ തെളിവ്; സത്യത്തെ സ്നേഹിക്കുന്നവരുടെ ഹൃദയങ്ങളിൽ ഇന്നും എപ്പോഴും സ്ഥാനം പിടിച്ചു കൊണ്ടിരിക്കുന്നതും ഈ ശക്തമായ തെളിവ് തന്നെയാണ്. തിരുനബി(സ) പ്രവാചകത്വം വാദിച്ച സമയത്ത്, ഹദ്റത്ത് അബൂബക്കർ(റ) തന്റെ ഒരു സുഹൃത്തിന്റെ വീട്ടിലായിരുന്നു. അവിടെ വെച്ച്, അദ്ദേഹത്തിന്റെ ഒരു സ്വതന്ത്രയാക്കപ്പെട്ട അടിമ സ്ത്രീ, നിങ്ങളുടെ സുഹൃത്ത്, ഹദ്റത്ത് മൂസാ(അ)നെക്കുറിച്ച് പറയപ്പെടുന്നതുപോലെയുള്ള ഒരു നബിയായി മാറിയിരിക്കുന്നു എന്ന് അദ്ദേഹത്തിന്റെ പത്നി പറയുന്നു എന്ന വിവരം നൽകി. അദ്ദേഹം ഉടൻ തന്നെ എഴുന്നേറ്റ് റസൂൽ കരീം(സ)യുടെ വീട്ടിലെത്തി അന്വേഷിച്ചു. തിരുനബി(സ) പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ റസൂലാണ്.'ഹദ്റത്ത് അബൂബക്കർ(റ)ന്റെ ചോദ്യത്തിന് മറുപടിയായി തിരുനബി(സ) ഹദ്റത്ത് അബൂബക്കർ(റ)നോട് അതെ! ഞാൻ അല്ലാഹുവിന്റെ റസൂലാണ് എന്ന് വ്യക്തമാക്കി. ഈ വാക്ക് കേട്ട ഉടൻ തന്നെ ഹദ്റത്ത് അബൂബക്കർ(റ) തിരുനബി(സ)യുടെ അവകാശവാദത്തെ അംഗീകരിച്ചു. തിരുനബി(സ) അബൂബക്കർ(റ)ന്റെ വിശ്വാസത്തെക്കുറിച്ച് പറയുന്നു: ഞാൻ ഇസ്‌ലാമിലേക്ക് ക്ഷണിച്ചവരിൽ നിന്നൊക്കെ എന്തെങ്കിലും തരത്തിലുള്ള തടസ്സമോ ചിന്തയോ സംശയമോ പ്രകടമായിട്ടുണ്ട്. എന്നാൽ അബൂബക്കർ(റ)ന്റെ മുന്നിൽ ഇസ്‌ലാം അവതരിപ്പിച്ചപ്പോൾ, അദ്ദേഹം ഒട്ടും സംശയിച്ചില്ല; മറിച്ച് അദ്ദേഹം സ്വയം ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു."

"ഒരു അടയാളവും കാണാതെ തന്നെ റസൂൽ കരീം(സ)യിൽ വിശ്വസിക്കാൻ ഹദ്റത്ത് അബൂബക്കർ(റ)നെ നിർബന്ധിതനാക്കിയ ആ ശക്തി എന്തായിരുന്നു? അത് റസൂൽ കരീം(സ)യുടെ സ്വയം വാചാലമായ വ്യക്തിത്വമായിരുന്നു. അത് അതിന്റെ സത്യസന്ധതയ്ക്ക് സ്വയം സാക്ഷിയാണ്..."

അതുപോലെ, ഹദ്റത്ത് ഖദീജ(റ), ഹദ്റത്ത് അലി(റ), ഹദ്റത്ത് സൈദ്

ബിൻ ഹാരിസ്(റ) എന്നിവരെക്കുറിച്ചുള്ള സാക്ഷ്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞിട്ടുണ്ട്. അവിടുത്തെ സത്യസന്ധത കണ്ടറിഞ്ഞ എല്ലാവരും അവിടുത്തെ വാക്കുകൾക്ക് സാക്ഷികളായിരുന്നു.

“ചുരുക്കത്തിൽ, ഒരു നബിയുടെ സത്യസന്ധതയുടെ ആദ്യത്തെ ആന്തരിക തെളിവ് അദ്ദേഹത്തിന്റെ സ്വന്തം വ്യക്തിത്വം തന്നെയാണ്. അത് തന്റെ വാചാലമായ അവസ്ഥയിലൂടെ അദ്ദേഹത്തിന്റെ സത്യസന്ധതയ്ക്ക് സാക്ഷ്യം വഹിക്കുന്നു. ആ സാക്ഷ്യം അത്രയും ശക്തമാണ്; അത് നിലനിൽക്കുമ്പോൾ മറ്റൊരു അത്ഭുതത്തിന്റെയോ ദൃഷ്ടാന്തത്തിന്റെയോ ആവശ്യമില്ല.” *(ദഅ്‌വത്തുൽ അമീർ, അൻവാറുൽ ഉലൂം, വാല്യം 07, പേജ് 425...428)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“വിനയത്തോടും ലാളിത്യത്തോടും കൂടി ജീവിക്കുന്നവരാണ് മുത്തഖികൾ (ദൈവഭക്തർ) എന്ന് ദൈവിക വചനത്തിൽ നിന്ന് മനസ്സിലാകുന്നു. അവർ അഹങ്കാരത്തോടെ സംസാരിക്കുന്നില്ല. ഒരു ചെറിയവൻ വലിയവനോട് സംസാരിക്കുന്നത് പോലെയുള്ള രീതിയിലാണ് അവരുടെ സംസാരം. നമ്മുടെ വിജയത്തിന് കാരണമാകുന്ന കാര്യങ്ങൾ എപ്പോഴും നമ്മൾ ചെയ്യണം. അല്ലാഹു ആരുടെയും കുത്തകയല്ല. അവൻ ആഗ്രഹിക്കുന്നത് നിഷ്കളങ്കമായ ദൈവഭക്തിയാണ്. തഖ്‌വ സ്വായത്തമാക്കുന്നവർ ഉന്നതമായ പദവിയിൽ എത്തുമെന്നാണ് ദൈവിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത്. തിരുനബി(സ)യോ ഹദ്റത്ത് ഇബ്രാഹീം(അ)യോ തങ്ങളുടെ വംശാവലി വഴിയല്ല മഹത്വം നേടിയത്. തിരുനബി(സ)യുടെ പിതാവ് അബ്ദുല്ലാഹ് മുശ്‌രിക്കായിരുന്നില്ല എന്ന് നമുക്ക് വിശ്വാസമുണ്ട്.”

ആളുകൾ ഇതു സംബന്ധിച്ച് ചോദ്യങ്ങൾ ഉന്നയിക്കാറുണ്ട്, അതിനുള്ള മറുപടിയാണ് അദ്ദേഹം നൽകുന്നത് “എന്നാൽ അതല്ല അദ്ദേഹത്തിന് പ്രവാചകത്വം നൽകിയത്. അത് അദ്ദേഹത്തിന്റെ പ്രകൃതത്തിലുണ്ടായിരുന്ന സത്യസന്ധത കാരണം ലഭിച്ച അല്ലാഹുവിന്റെ അനുഗ്രഹമായിരുന്നു. അതാണ് ആ അനുഗ്രഹത്തിന് നിദാനമായത്. പ്രവാചകന്മാരുടെ പിതാവായ ഹദ്റത്ത് ഇബ്രാഹീം(അ) തന്റെ മകനെ ബലി നൽകാൻ മടിച്ചില്ല എന്നത് അദ്ദേഹത്തിന്റെ സത്യസന്ധതയും തഖ്‌വയും കാരണമായിരുന്നു. അദ്ദേഹം തീയിലേക്ക് എറിയപ്പെട്ടു.” ആ തീയിലേക്ക് എറിയപ്പെട്ടതും ഈ സത്യസന്ധത കാരണം തന്നെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“നമ്മുടെ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ സത്യസന്ധതയും വിശ്വസ്തതയും നോക്കൂ! അവിടുന്ന് എല്ലാവിധത്തിലുള്ള തിന്മകളെയും എതിർത്തു. പലതരം പരീക്ഷണങ്ങളും പ്രയാസങ്ങളും ഏറ്റുവാങ്ങി, എന്നാൽ അവിടുന്ന് അതൊന്നും കാര്യമാക്കിയില്ല. ഈ സത്യസന്ധതയും വിശ്വസ്തതയും കാരണമാണ് അല്ലാഹു അവിടുത്തേക്ക് പ്രത്യേക അനുഗ്രഹം നൽകിയത്.

അതുകൊണ്ടാണ് അല്ലാഹു പറയുന്നത്:

إِنَّ اللّٰهَ وَمَلٰٓئِكَتَهٗ يُصَلُّوْنَ عَلَى النَّبِيِّ يٰٓأَيُّهَا الَّذِيْنَ
اٰمَنُوْا صَلُّوْا عَلَيْهِ وَسَلِّمُوْا تَسْلِيْمًا

‘തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നു. സത്യവിശ്വാസികളേ, നിങ്ങൾ നബിയുടെ മേൽ സ്വലാത്തും സലാമും ചൊല്ലുവിൻ.’ (അൽ അഹ്സാബ്: 57)...

അല്ലാഹുവും അവന്റെ എല്ലാ മലക്കുകളും നബിയുടെ മേൽ സ്വലാത്ത് ചൊല്ലുന്നു. ഈ ആയത്തിൽ നിന്ന് വ്യക്തമാകുന്നത്, റസൂൽ കരീം(സ)യുടെ പ്രവർത്തനങ്ങൾ അത്രയും ഉന്നതമായിരുന്നു എന്നാണ്. അവിടുത്തെ സ്തുതിക്കാനോ വിശേഷണങ്ങളെ നിർണ്ണയിക്കാനോ അല്ലാഹു ഏതെങ്കിലും ഒരു വാക്ക് മാത്രം പ്രത്യേകമായി ഉപയോഗിച്ചില്ല” അവിടുത്തെ ഏതെങ്കിലും പ്രത്യേക വാക്കിൽ ഒതുക്കിയില്ല. “വാക്കുകൾ കണ്ടെത്താൻ കഴിയുമായിരുന്നു, എന്നാൽ അല്ലാഹു അത് ഉപയോഗിച്ചി ല്ല. അതായത് അവിടുത്തെ സൽപ്രവൃത്തികളെ നിർണ്ണയിക്കാൻ കഴിയില്ലായിരുന്നു.” അവിടുത്തെ സൽപ്രവൃത്തികൾ അത്രയും മഹത്തരമായിരുന്നു, നമുക്ക് അവയെ പരിമിതപ്പെടുത്താൻ കഴിയില്ല. “ഇത്തരമൊരു ആയത്ത് മറ്റൊരു നബിയുടെയും കാര്യത്തിൽ ഉപയോഗിച്ചിട്ടില്ല. തിരുനബി(സ)യുടെ ആത്മാവിൽ അത്രയും സത്യസന്ധതയും പരിശുദ്ധിയുമുണ്ടായിരുന്നു. അവിടുത്തെ പ്രവർത്തനങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത്രയും പ്രിയങ്കരമായിരുന്നു. അതുകൊണ്ട്, ഭാവിയിൽ ആളുകൾ കൃതജ്ഞതയുടെ ഭാഗമായി സ്വലാത്ത് ചൊല്ലണമെന്ന് അല്ലാഹു എക്കാലത്തേക്കുമായി കൽപ്പിച്ചു. അവിടുത്തെ ധൈര്യവും സത്യസന്ധതയും അത്ര വലുതായിരുന്നു; നമ്മൾ എങ്ങോട്ട് നോക്കിയാലും അതിന് സമാനമായി മറ്റൊന്ന് കാണാൻ കഴിയില്ല.

ഹദ്റത്ത് മസീഹ്(അ)ന്റെ കാലഘട്ടത്തെ തന്നെ നോക്കുക, അദ്ദേഹത്തിന്റെ ധൈര്യമോ ആത്മീയ സത്യസന്ധതയോ അദ്ദേഹത്തിന്റെ അനുയായികളിൽ എന്ത് സ്വാധീനമാണ് ഉണ്ടാക്കിയത്! തെറ്റായ പാതയിൽ സഞ്ചരിക്കുന്ന ഒരാളെ നേർവഴിയിലാക്കുക എന്നത് എത്രത്തോളം പ്രയാസകരമാണെന്ന് ആർക്കും മനസ്സിലാക്കാം. ഉറച്ചുപോയ ശീലങ്ങളെ മാറ്റിമറിക്കുക എന്നത് അസാധ്യമായ കാര്യമാണ്.” ശീലങ്ങൾ ഉറച്ചുപോയാൽ അത് മാറ്റാൻ വലിയ പ്രയാസമാണ്.

“എന്നാൽ നമ്മുടെ പരിശുദ്ധ നബി(സ), മൃഗങ്ങളേക്കാൾ താഴ്ന്ന നിലയിലായിരുന്ന ആയിരക്കണക്കിന് ആളുകളെയാണ് നേർവഴിയിലാക്കിയത്. ചിലർ തങ്ങളുടെ ഉമ്മമാരും സഹോദരിമാരും തമ്മിൽ മൃഗങ്ങൾ കാണിക്കുന്ന വേർതിരിവ് പോലും കാണിച്ചിരുന്നില്ല. അനാഥകളുടെ സമ്പത്ത് അവർ ഭക്ഷിച്ചു, മരിച്ചവരുടെ സമ്പത്ത് അവർ ഭക്ഷിച്ചു. ചിലർ നക്ഷത്രങ്ങളെ ആരാധിക്കുന്നവർ, ചിലർ ഭൗതികവാദികൾ, ചിലർ പ്രകൃതിയെ ആരാധിക്കുന്നവർ. അറേബ്യൻ ഉപഭൂഖണ്ഡം എങ്ങനെയുള്ളതായിരുന്നു? പലതരം മതങ്ങളുടെ ഒരു കൂട്ടമായിരുന്നു അത്. ഇതിന്റെ വലിയൊരു നേട്ടം എന്തെന്നാൽ, പരിശുദ്ധ ഖുർആൻ എല്ലാവിധത്തിലുമുള്ള ഉപദേശങ്ങളും ഉൾക്കൊള്ളുന്നു എന്നതാണ്. ലോകത്തിൽ സാധ്യമായ എല്ലാ തെറ്റായ വിശ്വാസങ്ങളെയും അല്ലെങ്കിൽ ദോഷകരമായ പാഠങ്ങളെയും ഉന്മൂലനം ചെയ്യാൻ ആവശ്യമായ കാര്യങ്ങൾ അതിലുണ്ട്. ഇത് അല്ലാഹുവിന്റെ അഗാധമായ ജ്ഞാനവും ഇടപെടലുമാണ്.” *(മൽഫൂസാത്ത്, വാല്യം 1, പേജ് 31,33, 2022 പതിപ്പ്)*

അല്ലാഹു തിരുനബി(സ)യെ നിയോഗിച്ചത് ജാഹിലിയ്യത്ത് അതിന്റെ മൂർദ്ധന്യത്തിൽ നിൽക്കുന്ന ഒരു കാലഘട്ടത്തിലായിരുന്നു. മൃഗതുല്യരായി ജീവിച്ചിരുന്ന അവരെ അവിടുന്ന് യഥാർത്ഥ മനുഷ്യരാക്കി മാറ്റി.

اللّٰهم صل على محمد وعلىٰ آل محمد وبارك
وسلم انك حميد مجيد۔

(അല്ലാഹുമ്മ സല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ വബാരിക് വസല്ലിം ഇന്നക ഹമീദുൻ മജീദ്.)

തിരുനബി(സ)യുടെ ഉത്തമ മാതൃക പിന്തുടർന്നുകൊണ്ടും, പരിശുദ്ധ ഖുർആനിലും തിരുനബി(സ)യുടെ കൽപ്പനകളിലും അടിയുറച്ചുനിന്നുകൊണ്ടും സത്യസന്ധതയുടെ ഉന്നതമായ നിലവാരത്തിലേക്ക് ഉയരാൻ അല്ലാഹു നമുക്കും തൗഫീഖ് നൽകുമാറാകട്ടെ.

വിവ: അബൂ അത്തിയ


## ദാറുൽ സ്വനാഅത്ത് ഖാദിയാൻ പ്രവേശന അറിയിപ്പ് 2026-27

**(അഹ്മദി വിദ്യാർത്ഥികൾ ശ്രദ്ധിക്കുക, അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു)**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹു തആലാ ബിനസിഹിൽ അസീസ്)ന്റെ പ്രത്യേക അനുമതിയോടും നിർദ്ദേശത്തോടും കൂടി 2010ലാണ് ദാറുൽ സ്വനാഅത്ത് ഖാദിയാൻ സ്ഥാപിതമായത്. അഹ്മദി വിദ്യാർത്ഥികളെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റുകയും സാങ്കേതിക കോഴ്സുകൾ പഠിപ്പിച്ചു കൊണ്ട് അവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യം.

**ദാറുൽ സ്വനാഅത്ത് ഖാദിയാൻ സർക്കാർ അംഗീകൃത സ്ഥാപനമാണ്**
**(NSIC ഡൽഹി, ISO രജിസ്റ്റേഡ്).**

താഴെ പറയുന്ന ഏക വാർഷിക കോഴ്സുകളാണ് ഇവിടെ നൽകുന്നത്.

**1. Computer applications, 2.Pmbing, 3.Electrician 4.Motor Vehicle Mechanic, 5. Diesel Mechanic 6. Welding, 7. AC & Refrigerator**

**പ്രത്യേകതകൾ:**

- ഖാദിയാന് പുറത്തുനിന്നും വരുന്ന അഹ്മദി വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ, മെസ് സൗകര്യങ്ങൾ ലഭ്യമാണ്.
- താമസത്തിനും ഭക്ഷണത്തിനും ഫീസ് ഈടാക്കുന്നതല്ല.
- കോഴ്സ് ഫീസ് ലളിതമായ ഗഡുക്കളായി അടക്കാവുന്നതാണ്.
- സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിക്കാത്തവരും ക്ലാസ് അല്ലെങ്കിൽ പത്താം ക്ലാസ് കഴിഞ്ഞ് ടെക്നിക്കൽ കോഴ്സുകൾ ചെയ്യാൻ ആഗ്രഹിക്കുന്നവരുമായ അഹ്മദി യുവാക്കൾ പ്രവേശനത്തിനായി ഉടൻ ബന്ധപ്പെടുക.
- അഹ്മദി കുട്ടികൾക്കായുള്ള മതവിദ്യാഭ്യാസ സൗകര്യവും ഇവിടെയുണ്ട്.
- 2026..27 പുതിയ സെഷനിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു കഴിഞ്ഞു. ക്ലാസുകൾ 2026 ഓഗസ്റ്റ് 1 മുതൽ ആരംഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന നമ്പറുകളിലോ ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക:
**Email: darulsanaat.qadian@gmail.com**
**Phone: +91 9872725895 / 8604024043**
(പ്രിൻസിപ്പൽ, ദാറുൽ സ്വനാഅത്ത് ഖാദിയാൻ)

പേജ് 12 ൽ നിന്ന്

ഞാൻ മറ ഉണ്ടാക്കി മസ്ജിദിലേക്ക് ചെന്നു. ഹുസൂർ(അ) അവിടെ കിടക്കുകയായിരുന്നു. ഞാൻ അടുത്തേക്ക് ചെന്നപ്പോൾ അവിടുന്ന് പറഞ്ഞു: എന്റെ ആരോഗ്യനില വളരെ മോശമായിരുന്നു, എന്നാൽ ഇപ്പോൾ അല്പം ആശ്വാസമുണ്ട്. ഞാൻ നമസ്കാരം നിർവ്വഹിച്ചു കൊണ്ടിരിക്കുമ്പോൾ എന്റെ മുന്നിൽ നിന്ന് കറുത്ത നിറത്തിലുള്ള എന്തോ ഒന്ന് ഉയർന്ന് ആകാശത്തേക്ക് പോകുന്നത് കണ്ടു. തുടർന്ന് ഞാൻ അലറിക്കൊണ്ട് നിലത്ത് വീഴുകയും ബോധക്ഷയം അനുഭവപ്പെടുകയും ചെയ്തു.

അമ്മാജാൻ പറയുന്നു: അതിനുശേഷം ഹുസൂർ(അ)ന് കൃത്യമായ ഇടവേളകളിൽ ഈ അസുഖം വരാൻ തുടങ്ങി.

അസുഖം വന്നാൽ എന്താണ് സംഭവിക്കാറുള്ളതെന്ന് ഞാൻ ചോദിച്ചപ്പോൾ അമ്മാജാൻ പറഞ്ഞു: കൈകാലുകൾ തണുത്തുപോകുകയും ശരീരത്തിലെ പേശികൾ, പ്രത്യേകിച്ച് കഴുത്തിലെ പേശികൾ മുറുകുകയും ചെയ്യും. തലചുറ്റലും അനുഭവപ്പെടും. ആ സമയത്ത് ശരീരത്തെ താങ്ങിനിർത്താൻ സ്വയം സാധിക്കുമായിരുന്നില്ല. തുടക്കത്തിൽ ഈ അവസ്ഥ വളരെ തീവ്രമായിരുന്നു, പിന്നീട് ആ തീവ്രത കുറയുകയും പ്രകൃതം അതിനോട് പൊരുത്തപ്പെടുകയും ചെയ്തു.

ഇതിനുമുമ്പ് ശിരസ്സിൽ വല്ല അസ്വസ്ഥതയും അനുഭവപ്പെട്ടിരുന്നുവോ എന്ന് ഞാൻ ചോദിച്ചു. അമ്മാജാൻ പറഞ്ഞു: മുൻപ് സാധാരണമായ തലവേദന വരാറുണ്ടായിരുന്നു. ഹുസൂർ (അ) മുൻപ് നമസ്കാരത്തിന് നേതൃത്വം നൽകാറുണ്ടായിരുന്നോ എന്ന് ഞാൻ ചോദിച്ചു. അമ്മാജാൻപറഞ്ഞു: അതെ, എന്നാൽ ഈ അസുഖം തുടങ്ങിയ ശേഷം അത് ഒഴിവാക്കി. (ഇത് മസീഹ് മൗഊദ്(അ)ന്റെ അവകാശവാദത്തിന് മുൻപുള്ള കാര്യമാണ്. ലേഖകൻ)

(ഈ നിവേദനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തലചുറ്റലിനെ സംബന്ധിച്ച് ഹദ്റത്ത് അമ്മാജാൻ ഹിസ്റ്റീരിയ എന്ന വാക്ക് ഉപയോഗിച്ചിട്ടുണ്ട്. വൈദ്യശാസ്ത്രപരമായി ഹിസ്റ്റീരിയ എന്ന് പറയപ്പെടുന്ന രോഗമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തലചുറ്റലും ഈ അവസ്ഥയും തമ്മിലുള്ള ഭാഗികമായ സാമ്യം കാരണം വൈദ്യശാസ്ത്രമല്ലാത്ത ഒരു അർത്ഥത്തിൽ ഉപയോഗിച്ചതാണ്. ... ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് യഥാർത്ഥത്തിൽ ഹിസ്റ്റീരിയ ഉണ്ടായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ രചനകളിൽ ഒരിടത്തും ഈ അസുഖത്തെക്കുറിച്ച് പറയുമ്പോൾ ഹിസ്റ്റീരിയ എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല. വൈദ്യശാസ്ത്രപ്രകാരം തലചുറ്റൽ എന്ന രോഗത്തെ ഒരു തരത്തിലും ഹിസ്റ്റീരിയയോ മാനസിക രോഗമോ ആയി കണക്കാക്കാൻ കഴിയില്ല. ഇംഗ്ലീഷിൽ ഇതിനെ വെർട്ടിഗോ (Vertigo) എന്നാണ് പറയുക. ഇത് തലവേദനയുടെ ഒരു വകഭേദമാണ്, ഇതിൽ തലചുറ്റുകയും കഴുത്തിലെ പേശികളിൽ മുറുക്കം അനുഭവപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥയിൽ രോഗിക്ക് നടക്കാനോ നിൽക്കാനോ ബുദ്ധിമുട്ടാണ്. എന്നാൽ ബുദ്ധിശക്തിയിലോ ബോധത്തിലോ ഒരു മാറ്റവും സംഭവിക്കുന്നില്ല.

വിനീതൻ (ലേഖകൻ) പലതവണ ഹദ്റത്ത് മസീഹ് മൗഊദ്(അ) നെ ഈ അവസ്ഥയിൽ കണ്ടിട്ടുണ്ട്. ബുദ്ധിശക്തിക്ക് യാതൊരു ബാധയും ഏൽക്കുന്നതായി ഞാൻ കണ്ടിട്ടില്ല.

തിരുനബി(സ)യുടെ ഒരു പ്രവചനപ്രകാരം മസീഹ് മൗഊദ് രണ്ട് മഞ്ഞപ്പുതപ്പുകൾ പുതച്ചുകൊണ്ട് (അതായത് രണ്ട് രോഗങ്ങളിൽ പൊതിയപ്പെട്ടവനായി) ഇറങ്ങിവരുമെന്ന് പറഞ്ഞിട്ടുള്ളതിനനുസരിച്ചുള്ളതാണ് ഈ രോഗം. (അവ: മിശ്കാത്ത്, ബാബു അശ്റാത്തുസ് സാഅ, മുസ്ലിം മുതലായവ)

രോഗത്തിന്റെ സമയത്ത് കറുത്ത നിറത്തിലുള്ള എന്തോ ഒന്ന് ആകാശത്തേക്ക് ഉയരുന്നത് കണ്ടു എന്ന് പറഞ്ഞത് തലചുറ്റൽ രോഗത്തിൽ സാധാരണമാണ്. തലചുറ്റൽ കാരണം ചുറ്റുമുള്ള വസ്തുക്കൾ കറങ്ങുന്നതായും മുകളിലേക്ക് ഉയരുന്നതായും തോന്നും. രോഗി കണ്ണടയ്ക്കാൻ ശ്രമിക്കുന്നതിനാൽ ഇത്തരം വസ്തുക്കൾ കറുത്ത നിറത്തിലുള്ളതായി തോന്നുകയും ചെയ്യും. ഈ സമയത്തുണ്ടാകുന്ന ബോധക്ഷയം എന്നത് യഥാർത്ഥ ബോധക്ഷയമല്ല, മറിച്ച് കടുത്ത ബലഹീനത കാരണം കണ്ണുകൾ തുറക്കാനോ സംസാരിക്കാനോ സാധിക്കാത്ത അവസ്ഥയാണ്. അല്ലാഹു അഅ്ലം.)

EVERYTHING IN ONE PLACE
THE REVIEW OF RELIGIONS

പേജ് 2 ൽ നിന്ന്

മുസ്ലിം എന്ന നിലയിൽ, ഇസ്ലാമിന്റെ പേര് പറഞ്ഞ് പല വ്യക്തികളും സംഘടനകളും അക്രമത്തിന്റെ പാത സ്വീകരിക്കുന്നുണ്ടെന്നത് വസ്തുതയാണ്. തുടർന്ന് മാധ്യമങ്ങൾ അവരുടെ പ്രവർത്തനങ്ങളെ പെരുപ്പിച്ചുകാട്ടുകയും അങ്ങനെ ഇസ്ലാമിനെതിരെ തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇസ്ലാമിനെയോ മറ്റ് ഏതെങ്കിലും മതത്തെയോ മറയാക്കി അക്രമത്തിന്റെയും പീഡനത്തിന്റെയും കാരണം ആ മതമാണെന്ന് പ്രഖ്യാപിക്കുന്നത് തികച്ചും അനീതിയാണ്.

സൗഹാർദ്ദവും നീതിയും സ്ഥാപിക്കുക എന്നത് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സുപ്രധാന ലക്ഷ്യമാണ്, അതിനായി ഞങ്ങൾ നിരന്തരം പരിശ്രമിക്കുന്നു. ഈ ലക്ഷ്യസാക്ഷാത്കാരത്തിനായി, സത്യത്തിന്റെയും നീതിയുടെയും സന്ദേശം കുറച്ചു പേരിലേക്കെങ്കിലും എത്തിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു. ഈ ഉദ്ദേശ്യത്തോടെയാണ് ലോകത്തെ വലിയ നേതാക്കൾക്ക് ഞാൻ കത്തുകൾ അയച്ചത്.

ഇസ്രായേൽ പ്രധാനമന്ത്രിക്ക് ഞാൻ കത്തെഴുതുകയും തൗറാത്തിലെ അധ്യാപനങ്ങൾ അദ്ദേഹത്തിന് മുന്നിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു. അതുപോലെ ഇറാൻ പ്രസിഡന്റിനും മറ്റ് മുസ്ലിം ഭരണാധികാരികൾക്കും ഞാൻ കത്തുകൾ അയച്ചു. ബ്രിട്ടീഷ് പ്രധാനമന്ത്രി, അമേരിക്കൻ പ്രസിഡന്റ്, ചൈനീസ് പ്രസിഡന്റ് എന്നിവർക്കും സന്ദേശം എത്തിച്ചു; ലോകം ദിനംപ്രതി നാശത്തിലേക്ക് നീങ്ങുന്നത് എങ്ങനെയെന്ന് അവർ ചിന്തിക്കണം എന്ന് ഞാൻ അവരോട് ആവശ്യപ്പെട്ടു. ഇപ്പോൾ മാനവികതയുടെ നിലനിൽപ്പ് തന്നെ അപകടത്തിലാണ്. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ഇവർ ആരും ഇതിലേക്ക് ശ്രദ്ധിക്കുന്നില്ല. ലോകത്തെ സാഹചര്യങ്ങൾ വ്യക്തമാക്കുന്നത് അവർ കേൾക്കാൻ ആഗ്രഹിക്കുന്നില്ല എന്നാണ്. ലോകത്ത് വർദ്ധിച്ചുവരുന്ന യുദ്ധങ്ങൾ സൂചിപ്പിക്കുന്നതും അതാണ്.

അനീതിയിലേക്ക് വഴുതിപ്പോകാൻ സാധ്യതയുള്ളതിനാൽ നിങ്ങൾ സ്വേച്ഛകളെ പിന്തുടരരുതെന്ന് ഇസ്ലാം പറയുന്നു. സ്ഥിരത പുലർത്താനും നീതി സ്ഥാപിക്കാനും പരിശുദ്ധ ഖുർആൻ വളരെ വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. മറ്റുള്ളവരോടുള്ള ശത്രുത നിങ്ങളെ അനീതി പ്രവർത്തിക്കാൻ പ്രേരിപ്പിക്കരുത്; നീതിപൂർവ്വം പെരുമാറുന്നത് ദൈവഭക്തിക്ക ഏറ്റവും അടുത്തുള്ള കാര്യമാണെന്നും അത് ഓർമിപ്പിക്കുന്നു.

ഇസ്ലാം, സഖ്യകക്ഷികളുടെ അവകാശങ്ങൾ മാത്രമല്ല, എതിരാളികളുടെ അവകാശങ്ങളും സ്ഥാപിച്ചിട്ടുണ്ട്. വിവേകവും ജ്ഞാനവുമുള്ള കാര്യങ്ങൾ ഏത് ജനതയിൽ നിന്ന് ലഭിച്ചാലും അത് സ്വീകരിക്കണമെന്ന് ഇസ്ലാം അതിന്റെ അനുയായികളെ ഉപദേശിക്കുന്നു; കാരണം അത് യഥാർത്ഥത്തിൽ നിങ്ങളുടെ തന്നെ നഷ്ടപ്പെട്ടുപോയ പൈതൃകമാണ്.

ലോകത്തെ ഭൂരിഭാഗം ആളുകളും ഇന്നും സമാധാനം ആഗ്രഹിക്കുന്നുണ്ടെങ്കിലും, അതിനായി ഓരോ വ്യക്തിയും തങ്ങളുടേതായ പങ്ക് വഹിക്കേണ്ടതുണ്ട്. മൂന്നാം ലോകമഹായുദ്ധം പല ഭാഗങ്ങളിലായി ഏറെക്കുറെ തുടങ്ങിക്കഴിഞ്ഞു എന്ന് പോപ്പ് പറഞ്ഞതുപോലെത്തന്നെയാണ്. കഴിഞ്ഞ ലോകമഹായുദ്ധങ്ങളേക്കാൾ അങ്ങേയറ്റം വിനാശകരമായിരിക്കും ഈ യുദ്ധത്തിൽ സംഭവിക്കാൻ പോകുന്ന നാശമെന്ന കാര്യത്തിൽ എനിക്ക് ഭയമുണ്ട്.

വരുംതലമുറകൾക്കായി സമാധാനപരമായ ഒരു ലോകം വിട്ടേച്ചുപോകുക എന്നത് നമ്മളോരോരുത്തരുടെയും കടമയാണ്, അതിനായി നമ്മൾ പരിശ്രമിക്കേണ്ടതുണ്ട്. അല്ലെങ്കിൽ വരുംതലമുറ നമ്മളെ കുറ്റവാളികളായി കാണുകയും, നിങ്ങൾ എത്രമാത്രം പരുക്കുപറ്റിയ ലോകമാണ് ഞങ്ങൾക്കായി വിട്ടേച്ചുപോയത് എന്ന് ചോദിക്കുകയും ചെയ്യും.

അതുകൊണ്ട്, ഈ പീസ് സിമ്പോസിയം ആ ലക്ഷ്യത്തിനായുള്ള ഒരു പരിശ്രമമാണ്. ഇതൊരു പ്രത്യാശയുടെ ആദ്യ കിരണമായി മാറട്ടെയെന്നും, സമാധാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ലോകം മനസ്സിലാക്കുമെന്നും ഞാൻ പ്രത്യാശിക്കുന്നു. യുദ്ധത്തിന്റെ മേഘങ്ങൾ മാറി സമാധാനത്തിന്റെ പ്രഭാതം ഉദിക്കട്ടെ. നിങ്ങൾക്കെല്ലാവർക്കും വീണ്ടും നന്ദി.

(കടപ്പാട്: അൽഫദ്ൽ ഇന്റർനാഷണൽ, 2026 മെയ് 23).

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)
www.akhbarbadr.in

# കർമശാസ്ത്രം

(ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) വിവിധ സന്ദർഭങ്ങളിൽ നൽകിയ നിർദ്ദേശങ്ങളിൽ നിന്ന് ക്രോഡീകരിച്ചത്.)

## സുബ്ഹി നമസ്കാരത്തിന്റെ സുന്നത്തും ദർസും

'...ഏതെങ്കിലും വ്യക്തി സുന്നത്ത് നമസ്കരിക്കുമ്പോൾ ഇമാമിന് ദർസ് (പ്രഭാഷണം) ആരംഭിക്കാം എന്നതിൽ യാതൊരു വിരോധവുമില്ലെന്ന് ഹദീസുകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. കാരണം, ഇത് ശരിയല്ലായിരുന്നെങ്കിൽ, ജുമുഅയ്ക്ക് വൈകി വരുന്ന വ്യക്തിയോട് ഖുതുബ നടക്കുന്ന സമയത്ത് രണ്ട് റക്അത്ത് നമസ്കരിക്കാൻ തിരുനബി(സ) കൽപ്പിക്കുമായിരുന്നില്ല.

അതുപോലെ, (വൈകി വന്ന ഒരാൾ) ദർസ് നടക്കുന്ന സമയത്ത് സുന്നത്ത് നമസ്കരിക്കുന്നുണ്ടെങ്കിൽ അതും ആക്ഷേപകരമായ കാര്യമല്ല; കാരണം, നമസ്കാരത്തിന് ശേഷം ഉടൻ തന്നെ സുന്നത്ത് നമസ്കരിക്കലാണ് അത്യാവശ്യം, ദർസ് കേൾക്കുക എന്നതല്ല. പ്രത്യേകിച്ചും സുബ്ഹി നമസ്കാരത്തിന് ശേഷം സമയം കുറവായതുകൊണ്ടും സൂര്യൻ ഉദിക്കാൻ സാധ്യതയുള്ളതുകൊണ്ടും എത്രയും പെട്ടെന്ന് സുന്നത്ത് നമസ്കരിക്കേണ്ടതാണ്. ... എന്റെ അഭിപ്രായത്തിൽ, സുന്നത്ത് നമസ്കരിക്കാൻ നിർദ്ദേശിക്കപ്പെട്ട നമസ്കാരങ്ങളോട് ചേർന്നാണ് ദർസ് നടക്കുന്നതെങ്കിൽ ഉദാഹരണത്തിന് ളുഹർ, മഗ്രിബ്, ഇശാ നമസ്കാരങ്ങൾ അപ്പോൾ സുന്നത്ത് നമസ്കാരം നിർവ്വഹിച്ചതിന് ശേഷമാണ് ദർസ് നടത്തേണ്ടത്. എന്നാൽ നമസ്കാരത്തിന് ശേഷം സുന്നത്ത് ഇല്ലാത്തതാണെങ്കിൽ, നമസ്കാരത്തിന് ശേഷം ഉടൻ തന്നെ ദർസ് ആരംഭിക്കാവുന്നതാണ്. ഈ സന്ദർഭത്തിൽ, ആരെങ്കിലും ഫർള് നമസ്കാരത്തിന് ശേഷം (സുബ്ഹിക്ക് മുൻപുള്ള രണ്ട് റക്അത്ത്) സുന്നത്ത് നമസ്കരിക്കുകയാണെങ്കിൽ, അവർക്ക് ദർസ് നടക്കുന്ന സമയത്തും ആ സുന്നത്ത് നമസ്കാരം നിർവ്വഹിക്കാവുന്നതാണ്.'

*(അവ: അൽഫള്ൽ ഇന്റർനാഷണൽ, 2023 ഏപ്രിൽ 29, പേജ് 5)*

## ളുഹർ നമസ്കാരത്തിന്റെ സുന്നത്ത്

'ഫിഖ്ഹീ വീക്ഷണപ്രകാരം ളുഹർ ഫർള് നമസ്കാരത്തിന് മുമ്പ് നാല് റക്അത്തും ശേഷം രണ്ട് റക്അത്തും സുന്നത്ത് മുഅക്കദ[*1] ആകുന്നു. അതിനുശേഷം രണ്ട് റക്അത്ത് സുന്നത്ത് ഗൈർ മുഅക്കദ[*2]യാണ്. കൂടാതെ, നമസ്കാരത്തിന് ശേഷം രണ്ട് റക്അത്തിന് പകരം നാല് റക്അത്ത് നമസ്കരിക്കുന്നത് മുസ്തഹബ്ബാണ്. എന്നാൽ, ളുഹറിന് മുമ്പ് നാല് റക്അത്തിന് പകരം രണ്ട് റക്അത്ത് മാത്രമാണ് ആരെങ്കിലും നമസ്കരിച്ചതെങ്കിൽ, ളുഹറിന് ശേഷം അവർക്ക് നാല് റക്അത്ത് ഒന്നിച്ചോ അല്ലെങ്കിൽ രണ്ട് റക്അത്ത് വീതമോ നമസ്കരിക്കാവുന്നതാണ്. അതിനാൽ, തഫ്സീർ കബീറിലും ഫിഖ്ഹ് അഹ്മദിയ്യയിലും രേഖപ്പെടുത്തിയിരിക്കുന്ന രണ്ട് കാര്യങ്ങളും ശരിയാണ്. ഒരാൾ ഏത് രീതിയിലാണോ നമസ്കാരം നിർവ്വഹിക്കുന്നത്, ആ രീതിക്കനുസരിച്ച് അല്ലാഹുവിൽ നിന്ന് പ്രതിഫലം പ്രതീക്ഷിക്കാവുന്നതാണ്.'

*(അവ: അൽഫള്ൽ ഇന്റർനാഷണൽ, 2024 ജനുവരി 13, പേജ് 4/5)*

## നമസ്കാരവും നിയ്യത്തും

''നമസ്കാരത്തിന് മുൻപ് നിയ്യത്ത് എന്ന നിലക്ക് ഉരുവിടുന്നതിന് പ്രത്യേകിച്ചു വാക്കുകളൊന്നുമില്ല. നിയ്യത്തിന് മനുഷ്യന്റെ ഹൃദയവുമായിട്ടാണ് ബന്ധമുള്ളത്. താൻ ഏത് സമയത്തെ ഏത് നമസ്കാരമാണ് നിർവ്വഹിക്കുന്നത് എന്ന് ഹൃദയത്തിൽ ഉണ്ടാവുക എന്നത് മാത്രമാണ് നമസ്കാരത്തിന്റെ നീയ്യത്ത് കൊണ്ട് ഉദ്ദേശിക്കുന്നത്. നാവുകൊണ്ട് വാക്കുകൾ ഉച്ചരിക്കുകയോ, നമസ്കാരം തുടങ്ങുന്നതിന് മുൻപ് നീയ്യത്തിന് പകരമായി 'ഇന്നീ വജ്ജഹ്തു വജ്ഹിയ ലില്ലദീ ഫത്വറസ്സമാവാത്തി വൽ അർള ഹനീഫൻ വമാ അന മിനൽ മുശ്രികീൻ' (അൽഅൻആം: 80) എന്ന ഖുർആനിക വചനം ചൊല്ലുകയോ ചെയ്യുന്നതിന് പ്രമാണികമായി യാതൊരു സ്ഥിരീകരണവുമില്ല..''

*(അവ: അൽഫള്ൽ ഇന്റർനാഷണൽ, 2024 ജൂൺ 15, പേജ് 5)*

*(*1 സുന്നത്ത് മുഅക്കദ: സ്ഥിരമാക്കപ്പെട്ട സുന്നത്ത് അതായത് നബി(സ) സ്ഥിരമായി അനുഷ്ഠിച്ചിരുന്ന സുന്നത്ത്) (*2 സുന്നത്ത് ഗൈർ മുഅക്കദ: സ്ഥിരമാക്കപ്പെടാത്ത സുന്നത്ത്)*

## ജാമിഅ അഹ്മദിയ്യാ ഖാദിയാൻ അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!

**കോഴ്സുകൾ: 1. മുറബ്ബി കോഴ്സ് (ഏഴ് വർഷത്തെ കോഴ്സ്), 2. ഷോർട്ട് ടേം മുഅല്ലിം കോഴ്സ്**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുഹസ്തങ്ങളാൽ സ്ഥാപിതമായ പരിശുദ്ധമായ സ്ഥാപനമാണ് ജാമിഅ അഹ്മദിയ്യാ ഖാദിയാൻ. അവിടെനിന്നും നൂറുകണക്കിന് പണ്ഡിതന്മാരും മുബല്ലിഗ്മാരും പഠനം പൂർത്തിയാക്കി ലോകത്തിന്റെ വിവിധ കോണുകളിൽ ഇസ്ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾ എത്തിക്കുന്നതിനുള്ള മഹത്തായ സേവനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്വ്രിഹിൽ അസീസ്) പല അവസരങ്ങളിലും അഹ്മദികളായ വിദ്യാർത്ഥികളോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ധാർമിക പാഠശാലയിൽ ചേർന്ന് പഠനം പൂർത്തിയാക്കി ജമാഅത്തിനെ സേവിക്കാൻ ഉണർത്തിയിട്ടുണ്ട്. അതുകൊണ്ട്, സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ വാഖിഫീനെ നൗ വിദ്യാർത്ഥികളും അല്ലാത്തവരും ജാമിഅ അഹ്മദിയ്യായിൽ പ്രവേശം നേടി ജമാഅത്തിന്റെ സേവനത്തിനായി മുന്നോട്ട് വരേണ്ടതാണ്.

സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ഈ വർഷം ജാമിഅ അഹ്മദിയ്യായിൽ ഏപ്രിൽ 1 മുതൽ (ഏഴ് വർഷത്തെ മുറബ്ബി കോഴ്സ്, ഷോർട്ട് ടേം മുഅല്ലിം കോഴ്സ്, മദ്റസത്തുൽ ഹിഫ്ള് എന്നിവയിലേക്ക്) പ്രവേശന നടപടികൾ ആരംഭിച്ചിരിക്കുന്നു. മെട്രിക് (പത്താം ക്ലാസ്) അല്ലെങ്കിൽ +2 പരീക്ഷകൾ പൂർത്തിയാക്കിയവരും ജാമിഅയിലോ മുഅല്ലിം കോഴ്സിലോ ചേരാൻ ആഗ്രഹിക്കുന്നവരുമായ വിദ്യാർത്ഥികൾ വഖ്ഫെ നൗ ഭാരത് വിഭാഗവുമായോ നിസാറത്തെ തഅ്ലീമുമായോ ബന്ധപ്പെടുക. എത്രയും വേഗം അപേക്ഷാ ഫോമുകൾ പൂരിപ്പിച്ച് വഖ്ഫെ നൗ ഭാരത് (നിസാറത്തെ തഅ്ലീം) ഓഫീസിലേക്ക് അയക്കേണ്ടതാണ്.

**അഡ്മിഷൻ നിബന്ധനകൾ** :

മെട്രിക് പാസ്സായവർക്ക് പ്രായപരിധി 17 വയസ്സും +2 പാസ്സായവർക്ക് 19 വയസ്സുമാണ്. ഹാഫിസുകൾക്ക് (ഖുർആൻ മന:പാഠമാക്കിയവർക്ക്) പ്രായപരിധിയിൽ പ്രത്യേക ഇളവ് നൽകുന്നതാണ്.

പ്രവേശനത്തിനായി നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത് വിദ്യാർത്ഥികളെ ഇൻറർവ്യൂവിനും എഴുത്തുപരീക്ഷയ്ക്കും വിധേയമാക്കുകയും യോഗ്യരായവരെ തിരഞ്ഞെടുക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ, ഇസ്ലാം, അഹ്മദിയ്യത്ത്, മതപരമായ അറിവുകൾ, ഉറുദു, ഇംഗ്ലീഷ്, ജനറൽ നോളജ് എന്നിവയെ ആസ്പദമാക്കിയായിരിക്കും എഴുത്തുപരീക്ഷ.

എഴുത്തുപരീക്ഷയിലും ഇൻറർവ്യൂവിലും വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് ഖാദിയാൻ നൂർ ഹോസ്പിറ്റലിൽ മെഡിക്കൽ പരിശോധന ഉണ്ടായിരിക്കും. ഇതിലെല്ലാം വിജയിക്കുന്നവർക്ക് സയ്യിദുനാ ഹുസൂർ തിരുമനസ്സിന്റെ അംഗീകാരത്തോടെ ജാമിഅയിൽ പ്രവേശനം നൽകുന്നതാണ്.

വിവാഹിതർ/ബിരുദധാരികൾ എന്നിവർക്ക് ഷോർട്ട് ടേം മുഅല്ലിം കോഴ്സിന്റെ കാലാവധി രണ്ടര വർഷമാണ് (24 മാസം പഠനവും 6 മാസം ട്രെയിനിംഗും). മെട്രിക്/+2 മാത്രം പാസ്സായവർക്ക് ഇത് മൂന്നര വർഷമായിരിക്കും (3 വർഷം പഠനവും 6 മാസം ട്രെയിനിംഗും).

<u>അപേക്ഷാ ഫോമിന് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:</u>

WAQFENAU DEPARTMENT (NAZARAT TALEEM), DARUL BALAGH,
CIVIL LINE, QADIAN DISTT: GURDASPUR, PUNJAB (INDIA) PIN: 143516

CONTACT: 01872-500975, Email: qdnwaqfenau@gmail.com

(പ്രസിഡൻറ്, നാഷണൽ കരിയർ പ്ലാനിംഗ് കമ്മിറ്റി വഖ്ഫെ നൗ ഭാരത്)

## ഇഖാമത്തും ഇമാമിന്റെ അനുമതിയും

''താൻ പറയുന്നതുവരെ തക്ബീർ (ഇഖാമത്ത്) ചൊല്ലരുത് എന്ന് തിരുനബി(സ) പറഞ്ഞിട്ടില്ല. ഇനി വല്ല സന്ദർഭത്തിലും, ആവശ്യമുണ്ടാകുമ്പോൾ ഇമാം, മുഅദ്ദിമിനോട് (ബാങ്ക് കൊടുത്ത ആളോട്) ഇഖാമത്ത് കൊടുക്കാൻ പറയുകയോ, സാഹചര്യത്തിനനുസരിച്ച് നമസ്കാരങ്ങൾ ഒന്നിച്ചാക്കുമ്പോഴോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താലോ മഅ്മൂമുകളെ നമസ്കാരത്തെക്കുറിച്ച് അറിയിക്കാനോ സഫ് ശരിയാക്കാനോ വേണ്ടി നമസ്കാരത്തെക്കുറിച്ച് പറയുന്നതിലോ യാതൊരു വിരോധവുമില്ല.''


*(അവ: അൽഫള്ൽ ഇന്റർനാഷണൽ, 2024 ഓഗസ്റ്റ് 17, പേജ് 4)*

**• ഹദീഥുന്നബ്വി ﷺ •**

مرچവരെ

മരിച്ചവരെ ചീത്ത പറയരുത്, എന്തുകൊണ്ടെന്നാൽ അവർ മുമ്പേ അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.

(ബുഖാരി 23:77)





ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091


"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.


• ഹദീഥുന്നബ്വി ﷺ •



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ

Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

**പേജ് 1 ൽ നിന്ന്** **തഫ്സീർ കബീറിൽ നിന്ന്:**

പരിപക്വമായ മതാദ്ധ്യാപനത്തിന് താഴെ പറയുന്ന മൂന്ന് കാര്യങ്ങൾ ഉണ്ടായിരിക്കണം:

- ആത്മീയതയെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്ന കാര്യങ്ങൾ ചെയ്യാൻ കൽപ്പിക്കുകയും, ആ പൂർണ്ണതയിൽ നിന്ന് തടയുന്ന കാര്യങ്ങളിൽ നിന്ന് വിലക്കുകയും ചെയ്യുക.
- ഒരു വ്യക്തിയോടോ ജനതയോടോ മാത്രം ബന്ധപ്പെടാത്ത, മറിച്ച് നിരവധി വ്യക്തികളുമായും ജനതകളുമായും ബന്ധപ്പെട്ട ഒരു നിയമം നിർമ്മിക്കുമ്പോൾ, അത് ആർക്കുവേണ്ടിയാണോ തയ്യാറാക്കിയത് അവരുടെയെല്ലാം സ്വഭാവവിശേഷങ്ങളെ പരിഗണിക്കുകയും, ഓരോരുത്തർക്കും അവരവരുടെ കഴിവിനനുസരിച്ച് പ്രവർത്തിക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- സമ്പൂർണ്ണമായ ഉപദേശത്തിന്റെ മൂന്നാമത്തെ സവിശേഷത, അതിന്റെ നിർദ്ദേശങ്ങൾ മനുഷ്യവർഗ്ഗത്തിന് പ്രാവർത്തികമാക്കാൻ കഴിയുന്നതായിരിക്കണം, അവ കാരണം മതം, ധാർമ്മികത, ബുദ്ധി, സംസ്കാരം എന്നിവയിലൊന്നും ഒരു കുഴപ്പവും ഉണ്ടാകാൻ പാടില്ല.

അല്ലാഹു ഈ ആയത്തിൽ ഈ മൂന്ന് മേന്മകളെയും ഒരുമിപ്പിച്ചിരിക്കുന്നു. എത്ര ചെറിയൊരു ആയത്താണ്, എന്നിട്ടും പൂർണ്ണതയുടെ രണ്ട് വശങ്ങളും (നിഷേധവും സ്ഥാപനവും) എത്ര മനോഹരമായാണ് അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്! നീതി (അദ്ൽ), ഉപകാരം (ഇഹ്സാൻ), ബന്ധുക്കൾക്കുള്ള അവകാശം (ഈതാഇ ദിൽ ഖുർബാ) എന്നീ മൂന്ന് കാര്യങ്ങൾ ചെയ്യാൻ കൽപ്പിക്കുകയും, അശ്ലീലം (ഫഹ്ശാഅ്), തിന്മ (മുൻകർ), അതിക്രമം (ബഗ്‌യ്) എന്നീ മൂന്ന് കാര്യങ്ങളിൽ നിന്ന് വിലക്കുകയും ചെയ്തിരിക്കുന്നു.

അദ്ൽ എന്നാൽ സമത്വം എന്നാണ് അർത്ഥം. അതായത്, ഒരാൾ തന്നോട് എങ്ങനെ പെരുമാറുന്നുവോ അതുപോലെ അയാളോട് തിരിച്ചും പെരുമാറുക. തന്നോട് ഒരാൾ അക്രമം കാണിച്ചാൽ, എത്രത്തോളമാണോ അക്രമം നടന്നത് അത്രത്തോളം തിരിച്ചടിക്കാൻ അവന് അവകാശമുണ്ട്, എന്നാൽ അതിൽ കൂടുതൽ കടുപ്പം കാണിക്കാൻ പാടില്ല. ഒരാൾ നല്ല രീതിയിലാണ് പെരുമാറുന്നതെങ്കിൽ, അതേപോലെ നല്ല രീതിയിൽ തിരിച്ചും പെരുമാറുക എന്നത് അവന്റെ കടമയുമാണ്.

*(തഫ്സീർ കബീർ, വാല്യം 4, പേജ് 168)*

AL-ISLAM
The Official Website of
the Ahmadiyya Muslim Community

### ലജ്ന ഇമാഇല്ലാഹ് ഭാരത്

## ദേശീയ ഇജ്തിമാഅ്

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് **2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)** തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.

സഹോദരിമാർ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക. അല്ലാഹു പരമാവധി ലജ്ന, നാസിറാത്ത് അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(സദ്ർ ലജ്ന ഇമാഇല്ലാഹ് ഭാരത്)

### മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ഭാരത്

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി ഖുദ്ദാം അത്ഫാൽ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

### മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്

## ദേശീയ ഇജ്തിമാഅ്

*2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ)*

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) പോഷക സംഘടനകളുടെ ദേശീയ ഇജ്തിമാഅ് 2026 ഒക്ടോബർ 23, 24, 25 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു.**

**സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ഇജ്തിമായിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുക.**

**അല്ലാഹു പരമാവധി അൻസാർ അംഗങ്ങൾക്ക് ഈ ഇജ്തിമായിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.** *(സദ്ർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്)*

### ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദ്ർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com
(പത്രാധിപർ)

### • ഹദീഥുന്നബ്‌വി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**
**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

### • ഹദീഥുന്നബ്‌വി ﷺ •

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ

സീറത്തുന്നബി(സ)

വിവ: അബൂസ്വബാഹ്

# ദിറായത്തിന്റെ (Dirâyat)

## ആദ്യകാല ഉദാഹരണങ്ങൾ

തിർമിദിയിൽ ഇപ്രകാരം കാണാം:

عَنْ اَبِیْ هُرَيْرَةَ قَالَ كَانَ رَجُلٌ مِنَ الاَنْصَارِ يَجْلِسُ اِلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَيَسْمَعُ مِنَ النَّبِيِّ الْحَدِيْثَ وَلَا يَحْفَظُهُ فَشَكَا ذَالِكَ اِلَى النَّبِيِّ فَقَالَ رَسُوْلُ اللهِ اِسْتَعِنْ بِيَدِهٖ لِلْخَطِّ بِيَمِيْنِكَ

ഹദ്റത്ത് അബൂ ഹുറൈറ(റ) നിവേദനം ചെയ്യുന്നു: ഒരിക്കൽ ഒരു അൻസാരി തിരുനബി(സ)യുടെ അടുക്കൽ വന്ന് പറഞ്ഞു: 'യാ റസൂലല്ലാഹ്(സ)!, ഞാൻ അങ്ങയുടെ വചനങ്ങൾ കേൾക്കാറുണ്ട്, എന്നാൽ അവ ഓർമ്മിച്ചുവെക്കാൻ എനിക്ക് കഴിയുന്നില്ല.' അപ്പോൾ തിരുനബി(സ) പ്രതികരിച്ചു: 'നിന്റെ വലതു കൈകൊണ്ട് ഞാൻ പറയുന്നത് എഴുതിയെടുക്കുക. (തിർമിദി, Abwābul-`Ilm, Bābu Mā Jā`a fir-Rukhṣati fīhi, Ḥadīth No. 2666)

ഈ ഹദീസിൽ നിന്ന് നമുക്ക് മനസ്സിലാകുന്നത്, തിരുനബി(സ)യുടെ വചനങ്ങൾ ഓർമ്മിച്ചുവെക്കാൻ ബുദ്ധിമുട്ട് നേരിട്ട സ്വഹാബികളോട് അവ എഴുതിവെക്കാൻ തിരുനബി(സ) തന്നെ പല സന്ദർഭങ്ങളിലും നിർദ്ദേശിച്ചിരുന്നു എന്നാണ്. തിരുനബി(സ)യുടെ ഈ നിർദ്ദേശം നിലനിൽക്കെ, സ്വഹാബികൾ ഹദീസുകൾ എഴുതിയിരുന്നു എന്നതിന് ചരിത്രത്തിൽ വ്യക്തമായ പരാമർശങ്ങൾ ലഭിച്ചില്ലെങ്കിൽ പോലും, പല സ്വഹാബികളും തീർച്ചയായും ഈ വചനങ്ങൾ രേഖപ്പെടുത്തിയിരുന്നു എന്ന അനുമാനം അപ്പോഴും നിലനിൽക്കും. അങ്ങേയറ്റം ഭക്തരായ ആ സംഘത്തിൽ ഒരാൾ പോലും ഈ നിർദ്ദേശത്തിൽ നിന്ന് പ്രയോജനം നേടാൻ തയ്യാറായില്ല എന്ന് കരുതുന്നത് അസാധ്യമാണ്. ഏതായാലും, മുകളിൽ പറഞ്ഞ ഹദീസിൽ തിരുനബി(സ) നേരിട്ട് അഭിസംബോധന ചെയ്ത ആ സ്വഹാബി തീർച്ചയായും ഈ നിർദ്ദേശം പാലിച്ചിട്ടുണ്ടാകും. എന്നാൽ, ഇതൊരു കേവലമായ അനുമാനം മാത്രമല്ല. തിരുനബി(സ)യുടെ വചനങ്ങൾ പല സ്വഹാബികളും എഴുതിവെക്കാറുണ്ടായിരുന്നു എന്ന് ഹദീസുകളിൽ വ്യക്തമായി പരാമർശമുണ്ട്. തിരുനബി(സ)യുടെ തിരുനാവിൽ നിന്ന് കേൾക്കുന്നതെല്ലാം ഹദ്റത്ത് അബ്ദുല്ലാഹി ബിൻ അംറു ബിൻ അൽആസ്(റ) രേഖപ്പെടുത്താറുണ്ടായിരുന്നു എന്നൊരു നിവേദനമുണ്ട്. തിരുനബി(സ) ചിലപ്പോൾ സന്തോഷവാനും മറ്റ് ചിലപ്പോൾ ദേഷ്യത്തിലായിരിക്കും, അതിനാൽ ഇത്ര വിശദമായി രേഖപ്പെടുത്തുന്നത് ശരിയല്ല എന്ന് വിശ്വസിച്ച് പലരും അദ്ദേഹത്തെ ഇതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചു. തുടർന്ന് ഹദ്റത്ത് അബ്ദുല്ലാഹി ബിൻ അംറു(റ) എഴുതുന്നത് നിർത്തിവെച്ചു. എന്നാൽ ഈ വാർത്ത തിരുനബി(സ)യുടെ പക്കൽ എത്തിയപ്പോൾ നബി(സ) പറഞ്ഞു:

اُكْتُبْ فَوَالَّذِیْ نَفْسِیْ بِيَدِهٖ مَا يَخْرُجُ مِنْهُ اِلَّا الْحَقُّ

'നീ എഴുതുക, കാരണം അല്ലാഹുവാണെ സത്യം, എന്റെ നാവിൽ നിന്ന് പുറപ്പെടുന്നത് സത്യവും ശരിയും അല്ലാതെ മറ്റൊന്നുമല്ല. (അബൂദാവൂദ്, Kitābul-`Ilm, Bābu Kitābatil-`Ilm, Ḥadīth No. 3646)

ഈ നിർദ്ദേശം ലഭിച്ചതോടെ, ഹദ്റത്ത് അബ്ദുല്ലാഹി ബിൻ അംറ്(റ) വീണ്ടും തിരുനബി(സ)യുടെ വചനങ്ങൾ എഴുതിവെക്കാൻ തുടങ്ങി. സ്വഹീഹ് ബുഖാരിയിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു:

عَنْ اَبِیْ هُرَيْرَةَ يَقُوْلُ مَا مِنْ اَصْحَابِ النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ اَحَدٌ اَكْثَرَ حَدِيْثًا عَنْهُ مِنِّیْ اِلَّا مَا كَانَ عَنْ عَبْدِ اللهِ بْنِ عَمْرٍو فَاِنَّهٗ كَانَ يَكْتُبُ وَلَا اَكْتُبُ

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: തിരുനബി(സ)യുടെ സ്വഹാബികളിൽ എന്നേക്കാൾ കൂടുതൽ ഹദീസുകൾ നിവേദനം ചെയ്ത മറ്റൊരാളും ഇല്ല. എന്നാൽ ഹദ്റത്ത് അബ്ദുല്ലാഹി ബിൻ അംറു(റ) ഇതിൽ നിന്ന് വ്യത്യസ്തനാണ്. അദ്ദേഹം ഹദീസ് കേട്ടാലുടനെ എഴുതിവെക്കാറുണ്ടായിരുന്നു, ഞാൻ അത് ചെയ്തിരുന്നില്ല. (ബുഖാരി, Kitābul-`Ilm, Bābu Kitābatil-`Ilm, Ḥadīth No. 113)

മറ്റൊരു ഹദീസിൽ ഇപ്രകാരം പറയുന്നു:

عَنْ اَبِیْ جَحِيْفَةَ قَالَ قُلْتُ لِعَلِيٍّ رَضِیَ اللهُ عَنْهُ هَلْ عِنْدَكُمْ كِتَابٌ قَالَ لَا اِلَّا كِتَابُ اللهِ اَوْ فَهْمٌ اُعْطِيَهٗ رَجُلٌ مُسْلِمٌ اَوْ مَا فِیْ هٰذِهِ الصَّحِيْفَةِ قُلْتُ مَا فِیْ هٰذِهِ الصَّحِيْفَةِ قَالَ الْعَقْلُ وَفِكَاكُ الْاَسِيْرِ وَلَا يُقْتَلُ مُسْلِمٌ بِكَافِرٍ

അബൂ ജുഹൈഫ(റ) പറയുന്നു: ഒരിക്കൽ ഞാൻ ഹദ്റത്ത് അലിയോട്(റ) ചോദിച്ചു: 'അങ്ങയുടെ പക്കൽ എന്തെങ്കിലും ലിഖിതരൂപത്തിലുണ്ടോ?' അതിന് ഹദ്റത്ത് അലി(റ) മറുപടി നൽകി: 'അല്ലാഹുവിന്റെ വേദഗ്രന്ഥമല്ലാതെ മറ്റൊന്നും എന്റെ പക്കലില്ല. തീർച്ചയായും, ഒരു മുസ്ലിമിന് ലഭിക്കുന്ന ദൈവീകമായ ഉൾക്കാഴ്ച എനിക്കുമുണ്ട്; അതുകൊണ്ട് കാര്യങ്ങൾ വിലയിരുത്തി തീരുമാനങ്ങളിൽ എത്തിച്ചേരാൻ സാധിക്കും. എങ്കിലും, ഈ ലിഖിത രേഖ എന്റെ പക്കലുണ്ട്.' ഞാൻ ചോദിച്ചു: 'ഈ രേഖയിൽ എന്താണുള്ളത്?' അദ്ദേഹം പറഞ്ഞു: 'ഇതിൽ ഇന്ന ഇന്ന മതപരമായ വിധികളുമായി ബന്ധപ്പെട്ട ഹദീസുകളാണുള്ളത്.' (ബുഖാരി, Kitābul-`Ilm, Bābu Kitābatil-`Ilm, Ḥadīth No. 111)

ഈ ഹദീസിൽ നിന്ന് വ്യക്തമാകുന്നത്, തിരുനബി(സ)യുടെ വിശിഷ്ടമായ വചനങ്ങൾ എഴുതിയെടുക്കുകയും അവ കടലാസ്സിൽ സംരക്ഷിക്കുകയും ചെയ്യുക എന്നത് ഹദ്റത്ത് അലിയുടെയും(റ) പതിവായിരുന്നു എന്നാണ്. കൂടാതെ, മറ്റൊരു ഹദീസിൽ ഇപ്രകാരം പരാമർശിക്കുന്നു:

عَنْ اَبِیْ هُرَيْرَةَ قَالَ خَطَبَ النَّبِيُّ صَلَّى اللهُ عَلَيْهِ وَسَلَّمَ عَامَ فَتْحِ مَكَّةَ فَقَالَ ـــــ فَجَاءَ رَجُلٌ مِنْ اَهْلِ الْيَمَنِ فَقَالَ اُكْتُبْ لِیْ فَقَالَ اُكْتُبُوْا لِاَبِیْ فُلَانٍ

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: മക്കാ വിജയത്തിന്റെ സന്ദർഭത്തിൽ തിരുനബി(സ) പ്രസംഗിക്കുകയും അതിൽ ഭഇന്ന കാര്യങ്ങൾഭ പറയുകയും ചെയ്തു. യമനിൽ നിന്നുള്ള ഒരാൾ മുന്നോട്ടുവന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഈ പ്രസംഗം എനിക്കായി എഴുതിത്തന്നാലും.' അപ്പോൾ ആ പ്രസംഗം അദ്ദേഹത്തിന് എഴുതിക്കൊടുക്കാൻ തിരുനബി(സ) നിർദ്ദേശിച്ചു. (ബുഖാരി, Kitābul-`Ilm, Bābu Kitābatil-`Ilm, Ḥadīth No. 112)

ഈ ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാകുന്നത് തിരുനബി(സ)യുടെ ഹദീസുകൾ എഴുതിവെക്കുന്ന രീതി സ്വഹാബികളുടെ കാലത്ത് തന്നെ ആരംഭിച്ചിരുന്നുവെന്നും, ചില സ്വഹാബികൾ പ്രായോഗികമായി ഈ സമ്പ്രദായം പിന്തുടർന്നിരുന്നു എന്നുമാണ്. തീർച്ചയായും, തലമുറകൾ പിന്നിട്ടതോടെ തിരുനബി(സ)യുടെ ഹദീസുകൾ എഴുതി സംരക്ഷിക്കുന്നത് കൂടുതൽ വ്യാപകമായ ഒരു രീതിയായി മാറി. നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ കുറിപ്പിൽ പിൽക്കാല തലമുറകളിൽ നിന്നുള്ള ഉദാഹരണങ്ങൾ മുഴുവനായി വിവരിക്കാൻ സാധിക്കില്ല. എങ്കിലും, നിവേദനങ്ങൾ പിൽക്കാല തലമുറകളിൽ ഏത് തോതിലാണ് എഴുതപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കാൻ ഒരു ഉദാഹരണം മാത്രം ഇവിടെ നൽകാം.

ഇമാം ബുഖാരി(റ), ഇമാം മുസ്ലിം(റ), അബൂ ദാവൂദ് അസ്സജിസ്താനി(റ) തുടങ്ങി പല ആദരണീയരായ മുഹദ്ദിസീങ്ങളും നിവേദനങ്ങൾ സ്വീകരിച്ചിട്ടുള്ള മുൻകാലത്തെ പ്രശസ്തനായ ഒരു നിവേദകനാണ് യഹ്യ ബിൻ മുഈൻ(റ). അദ്ദേഹം 6,00,000 ഹദീസുകൾ എഴുതി സംരക്ഷിച്ചിരുന്നുവെന്നും, തന്റെ ലിഖിത ശേഖരത്തിൽ നിന്നാണ് അദ്ദേഹം ഈ നിവേദനങ്ങൾ കൈമാറിയിരുന്നതെന്നും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, വഫിയ്യാത്തുൽ അഅ്യാനിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

سُئِلَ يَحْيیٰ كَمْ كَتَبْتَ مِنَ الْحَدِيْثِ فَقَالَ كَتَبْتُ بِيَدِیْ هٰذِهٖ سِتَّ مِائَةِ اَلْفِ حَدِيْثٍ

യഹ്യ ബിൻ മുഈനോട് അദ്ദേഹത്തിന്റെ പക്കൽ എഴുതിവെച്ച എത്ര ഹദീസുകൾ ഉണ്ടെന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു: 'ഞാൻ എന്റെ ഈ കൈകൊണ്ട് 6,00,000 ഹദീസുകൾ എഴുതിയിട്ടുണ്ട്. (Wafiyyātul-A`ayān, By Abū `Abbās Aḥmad bin Muḥammad bin Ibrāhīm Al-Ma`rūf ibni Khalkān, Volume 5, p. 114, under "Abū Zakariyyā Yaḥyā bin Mu`īn", Dārul-Kutubil-`Ilmiyyah, Beirut, Lebanon, First Edition (1998))

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

mta INTERNATIONAL
REACHING THE CORNERS OF THE EARTH
www.mta.tv

EDITOR
H.Shamsuddin
Mobile : +91 99460 21252
Sub Editor : Mohammad Ismail
e-mail : badarmalayalam@gmail.com
Layout: HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ | Weekly **BADAR** Qadian | Vol-11 Issue:24

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2026-28 **Thursday 11 June 2026**

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)

## സീറത്തുൽ മഹ്ദി(അ)

വിവ: എ.നാസിർ

### പിൻഗാമി

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിക്കുകയുണ്ടായി: ഹദ്റത്ത് മസീഹ് മൗഊദ്(അ) അൽവസിയ്യത്ത് എന്ന ലഘുലേഖ എഴുതിക്കൊണ്ടിരുന്ന ദിവസങ്ങളിൽ, ഒരിക്കൽ അവിടുന്ന് മിർസാ ശരീഫ് അഹ്മദ്(റ)ന്റെ വീടിന്റെ മുറ്റത്ത് ഉലാത്തുമ്പോൾ എന്നോട് പറയുകയുണ്ടായി: 'മൗലവി മുഹമ്മദ് അലിയോട് ഒരു ഇംഗ്ലീഷുകാരൻ, വലിയ ആളുകൾ തങ്ങളുടെ പിൻഗാമിയെ നിശ്ചയിക്കുന്നതുപോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പിൻഗാമിയെ നിശ്ചയിച്ചിട്ടുണ്ടോ എന്ന് ചോദിക്കുകയുണ്ടായി. അതിനുശേഷം അവിടുന്ന് ചോദിച്ചു: നിങ്ങളുടെ അഭിപ്രായമെന്താണ്? ഞാൻ മഹ്മൂദിനെ (അതായത് ഖലീഫത്തുൽ മസീഹ് സാനിയെ) എഴുതണമോ അതോ നിശ്ചയിക്കണമോ? അമ്മാജാൻ സാഹിബ പറയുന്നു: ഞാൻ മറുപടി നൽകി: അങ്ങ് ഉചിതം പോലെ ചെയ്യുക.

ഹദ്റത്ത് വാലിദ സാഹിബ എന്നോട് വിവരിക്കുകയുണ്ടായി: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു, നമ്മുടെ അഹ്മദിയ്യാ ജമാഅത്തിൽ മൂന്ന് തരത്തിലുള്ള ആളുകളുണ്ട്. ഒന്ന്, ലോകപരമായ പ്രതാപത്തെക്കുറിച്ച് ചിന്തിക്കുന്നവരാണ്; അതായത് വകുപ്പുകൾ ഉണ്ടാകണം, ഓഫീസുകൾ വേണം, വലിയ കെട്ടിടങ്ങൾ വേണം തുടങ്ങിയവ. രണ്ടാമതുള്ളവർ, ഏതെങ്കിലും വലിയ വ്യക്തിയുടെ ഉദാഹരണത്തിന് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ)ന്റെ സ്വാധീനത്താൽ ജമാഅത്തിൽ പ്രവേശിച്ചവരും അവരുമായി മാത്രം ബന്ധം പുലർത്തുന്നവരുമാണ്. മൂന്നാമത്തെ വിഭാഗം ആളുകൾ, എന്നോട് നേരിട്ട് ആത്മബന്ധമുള്ളവരും എല്ലാ കാര്യങ്ങളിലും എന്റെ തൃപ്തിയേയും സന്തോഷത്തെയും മുന്തിക്കുന്നവരാണ്.

### അൻത സ്വിദ്ദീഖീ

ലാഹോറിൽ വെച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായ സമയത്ത്, അവിടുന്ന് അന്ത്യശ്വാസം വലിച്ച മുറിയിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്(റ) ഉണ്ടായിരുന്നില്ല. ഹദ്റത്ത് മൗലവി സാഹിബ് (റ) വിവരം അറിഞ്ഞ് വരികയും അവിടുത്തെ നെറ്റിയിൽ ചുംബിക്കുകയും ഉടൻ തന്നെ ആ മുറിയിൽ നിന്ന് പുറത്തിറങ്ങുകയും ചെയ്തു. ഹദ്റത്ത് മൗലവി(റ)യുടെ പാദം വാതിലിന് പുറത്തു വെച്ചപ്പോൾ, മൗലവി സയ്യിദ് മുഹമ്മദ് അഹ്സൻ(റ) വികാരാധീനനായ ശബ്ദത്തിൽ മൗലവി സാഹിബ്(റ)യോട് പറഞ്ഞു: അൻത സ്വിദ്ദീഖീ (താങ്കളാണ് എന്റെ സ്വിദ്ദീഖ്). ഹദ്റത്ത് മൗലവി(റ) പറഞ്ഞു: മൗലവി സാഹിബ്, ഈ പ്രശ്നം ഇവിടെ വിടുക, ഖാദിയാനിൽ ചെന്നിട്ട് തീരുമാനമുണ്ടാകും. ഈ സംഭാഷണം ഞാനല്ലാതെ മറ്റാരും കേട്ടിട്ടില്ലെന്നാണ് എന്റെ അഭിപ്രായം.

### കേസും നമസ്കാരവും

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിക്കുകയുണ്ടായി: ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നോട് ഒരിക്കൽ ഇപ്രകാരം പറയുകയുണ്ടായി: ഞാൻ ഒരു കേസുമായി ബന്ധപ്പെട്ട് കോടതിയിൽ പോയി. കോടതിയിൽ മറ്റ് കേസുകൾ നടന്നുകൊണ്ടിരിക്കെ, ഞാൻ പുറത്ത് ഒരു മരച്ചുവട്ടിൽ കാത്തിരുന്നു. നമസ്കാര സമയം ആയതുകൊണ്ട് ഞാൻ അവിടെ വെച്ച് നമസ്കരിക്കാൻ തുടങ്ങി. എന്നാൽ നമസ്കാരത്തിനിടയിൽ കോടതിയിൽ നിന്ന് എന്നെ വിളിക്കുന്ന ശബ്ദങ്ങൾ കേൾക്കാമായിരുന്നു, എങ്കിലും ഞാൻ നമസ്കാരം തുടർന്നു. നമസ്കാരം പൂർത്തിയായപ്പോൾ, കോടതിയിലെ ഒരു പ്യൂൺ എന്റെ അടുത്ത് നിൽക്കുന്നത് കണ്ടു. സലാം വീട്ടിയ ഉടനെ അയാൾ പറഞ്ഞു: മിർസാ സാഹിബ്, അഭിനന്ദനങ്ങൾ! താങ്കൾ കേസ് ജയിച്ചിരിക്കുന്നു.'

### നഫൽ നോമ്പുകൾ

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിക്കുകയുണ്ടായി: ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ യൗവനകാലത്തെക്കുറിച്ച് പരാമർശിക്കാറുണ്ടായിരുന്നു. ആ കാലയളവിൽ തനിക്ക് ലഭിച്ച അറിവിലൂടെയോ അല്ലെങ്കിൽ ലഭിച്ച സൂചനയിലൂടെയോ ഈ പാതയിൽ ഉന്നതി പ്രാപിക്കാൻ നോമ്പുകൾ അനുഷ്ഠിക്കുന്നത് അനിവാര്യമാണെന്ന് മനസ്സിലാക്കി. അവിടുന്ന് പറയുന്നു: പിന്നീട് ഞാൻ തുടർച്ചയായി ആറുമാസം നോമ്പെടുത്തു. വീട്ടിലുള്ളവർക്കോ പുറത്തുള്ളവർക്കോ ഞാൻ നോമ്പെടുക്കുന്നുണ്ടെന്ന വിവരം അറിഞ്ഞില്ല. രാവിലെ വീട്ടിൽ നിന്ന് ഭക്ഷണം വരുമ്പോൾ അത് ഞാൻ ആർക്കെങ്കിലും ആവശ്യക്കാർക്ക് നൽകിപ്പോന്നു. വൈകുന്നേരത്തെ ഭക്ഷണം ഞാൻ കഴിക്കുമായിരുന്നു.

അവസാന കാലത്തും അവിടുന്ന് സുന്നത്ത് നോമ്പുകൾ എടുക്കാറുണ്ടായിരുന്നോ എന്ന് ഞാൻ ഹദ്റത്ത് അമ്മാജാൻ സാഹിബയോട് ചോദിച്ചു. വാലിദ സാഹിബ പറഞ്ഞു: അവസാന കാലത്തും അവിടുന്ന് നോമ്പുകൾ അനുഷ്ഠിക്കാറുണ്ടായിരുന്നു; പ്രത്യേകിച്ചും ശവ്വാൽ മാസത്തിലെ ആറ് നോമ്പുകൾ അവിടുന്ന് കൃത്യമായി എടുക്കാറുണ്ടായിരുന്നു. അതുപോലെ, ഏതെങ്കിലും പ്രത്യേക കാര്യത്തിന് വേണ്ടി പ്രാർത്ഥിക്കേണ്ടി വരുമ്പോഴൊക്കെ അവിടുന്ന് നോമ്പെടുക്കുമായിരുന്നു. എന്നാൽ, അവസാനത്തെ രണ്ടോ മൂന്നോ വർഷങ്ങളിൽ വാർദ്ധക്യസഹജമായ ബലഹീനതയും ക്ഷീണവും കാരണം റമളാൻ മാസത്തിലെ നോമ്പുകൾ പോലും എടുക്കാൻ സാധിച്ചിരുന്നില്ല.

(കിതാബുൽ ബരിയ്യ: എന്ന പുസ്തകത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോമ്പെടുത്ത കാലയളവ് എട്ട്,ഒമ്പത് മാസമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലേഖകൻ)

### തലചുറ്റൽ

ഹദ്റത്ത് അമ്മാജാൻ സാഹിബ എന്നോട് വിവരിക്കുകയുണ്ടായി: ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആദ്യമായി തലചുറ്റലും ഹിസ്റ്റീരിയയുടെ അസ്വാസ്ഥ്യതയും ബശീർ അവ്വലിന്റെ (1888ൽ വഫാത്തായ ഞങ്ങളുടെ മൂത്ത സഹോദരൻ) വഫാത്തിന് ശേഷം കുറച്ചു ദിവസങ്ങൾ കഴിഞ്ഞാണ് അനുഭവപ്പെട്ടത്. രാത്രിയിൽ ഹുസൂർ(അ) ഞെട്ടിയുണരുകയും തുടർന്ന് ആരോഗ്യനില മോശമാവുകയും ചെയ്തു. എന്നാൽ ആദ്യത്തെ അസുഖം ലഘുവായിരുന്നു. അതിനുശേഷം കുറച്ചു കാലം കഴിഞ്ഞപ്പോൾ, ഒരിക്കൽ അവിടുന്ന് നമസ്കാരത്തിനായി പുറത്തേക്ക് പോയി. പോകുമ്പോൾ ഇന്ന് ദേഹാസ്വാസ്ത്യം അനുഭവപ്പെടുന്നുണ്ടെന്ന് അവിടുന്ന് പറഞ്ഞിരുന്നു. അമ്മാജാൻ പറയുന്നു: കുറച്ചു സമയത്തിന് ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആദ്യകാല വിശ്വസ്ത സേവകനായിരുന്ന ശൈഖ് ഹാമിദ് അലി (ഇപ്പോൾ വഫാത്തായിരിക്കുന്നു) വന്ന് വാതിലിൽ മുട്ടി, പെട്ടെന്ന് ഒരു പാത്രം ചൂടുവെള്ളം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അസുഖമായിട്ടുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ ഒരു വീട്ടുവേലക്കാരിയോട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആരോഗ്യനിലയെക്കുറിച്ച് ചോദിക്കാൻ പറഞ്ഞു. ശൈഖ് ഹാമിദ് അലി സാഹിബ് പറഞ്ഞു, അസുഖം അല്പം കൂടിയിട്ടുണ്ട്.

ശേഷം പേജ് 8 ൽ

## 131-ാമത് ജൽസ സാലാന ഖാദിയാൻ

**2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ)**

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) 131-ാമത് ജൽസ സാലാന ഖാദിയാൻ 2026 ഡിസംബർ 25, 26, 27 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടത്തുന്നതിനു അനുമതിയും അംഗീകാരവും നൽകിയിരിക്കുന്നു. സഹോദരങ്ങൾ ദു:ആകളുമായി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന നിയ്യത്തിൽ ഇപ്പോൾ മുതൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കേണ്ടതാണ്. അല്ലാഹു പരമാവധി ജമാഅത്ത് അംഗങ്ങൾക്ക് ഈ ദൈവിക ജൽസയിൽ സംബന്ധിക്കുവാനും അതിൽ നിന്ന് ആത്മീയ നേട്ടങ്ങൾ കൈവരിക്കുവാനും തൗഫീഖ് നൽകട്ടെ. കൂടാതെ, ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദു:ആകൾക്ക് നമ്മെ എല്ലാവരെയും അർഹരാക്കുമാറാകട്ടെ. ആമീൻ.

NAZIR ISLAH-O-IRSHAD MARKAZIA, QADIAN

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin